കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

lfadtvm@yahoo.ine-mail:

കെ.എസ്.എ.റ്റി.വി.എം/ജി.പി .8/1615/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
തീയതി : 04.08.2017
Phone No : 0471-2331231
Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ന്യൂനതാ സാക്ഷ്യപത്രം കാണുക)

വിശ്വസ്തതയോടെ,
ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.റ്റി.വി.എം/ജി.പി .8/1615/2017 തീയതി : 04.08.2017

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.06.2016 മുതൽ 10.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കു റിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എൻക്വയറികൾക്ക് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017 മുതൽ 29.07.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി.സ്നിഗ്ധ.എസ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |

| | |
|---|---|
| ശ്രീമതി.ശ്യാമപ്രിയ.എസ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.വിനോദ്.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഡീന.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.സുബാഷ് ചന്ദ്രൻ | 01.04.2016 മുതൽ 21.04.2016 വരെ |
| | ശ്രീ.എൻ.വിജയകുമാർ (ഇൻചാർജ്ജ്)<br>ജൂനിയർ സൂപ്രണ്ട് | 22.04.2016 മുതൽ 19.05.16വരെ |
| | ശ്രീ.പി.രാജീവ്(ഇൻചാർജ്ജ്)<br>ജൂനിയർ സൂപ്രണ്ട് | 20.05.2016 മുതൽ 18.07.2016 രാവിലെ വരെ |
| | ശ്രീ.എസ്.പ്രവീൺ | 18.07.16 മുതൽ 31.03.17 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.റീന.ഒ.റ്റി. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.രാഹുൽ<br>ഡോ.അനോൾഡ് ദീപക്ക് | 01.04.2016 മുതൽ 12.01.17വരെ<br>13.01.16 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രാജശേഖരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.വി.സിന്ധു | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ - I | ശ്രീ.ബിനു.പ്രസാദ്<br>ശ്രീ.പ്രദീപ് കുമാർ.വി.ആർ | 01.04.2016 മുതൽ 20.11.2016 വരെ<br>21.11.2016 മുതൽ 31.03.2017 വരെ |
| എൽ.വി.ഇ.ഒ | ശ്രീമതി.ആശാ രാജ്<br>ശ്രീമതി.വീണ.ആർ | 01.04.2016 മുതൽ24 .10.2016വരെ<br>25.10.16 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.അനിൽ കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ICDS സൂപ്പർവൈസർ | ശ്രീമതി.സജിത.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| എച്ച്.എം, ഗവ.യു..പി.എസ് .പാലവിള | ശ്രീ.ഗോപകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഫിഷറീസ് ഓഫീസർ | ശ്രീമതി.രാജലക്ഷ്മി | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ബിജു.വി.ഒ | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>ഭാഗം - I


| | | | |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.10 | |

| | | | |
|---|---|---|---|
| 11 | ആഭ്യന്തര നിയന്ത്രണം | 1.11 | |
| 11 (എ) | ക്യാഷ് ബുക്ക് പരിപാലനം | 1.11 (എ) | |
| 12 | അനുബന്ധ പത്രികകൾ | 1.12 | |

ഭാഗം - II

| | | | |
|---|---|---|---|
| 13 | ലക്ഷ്മീപുരം മാർക്കറ്റ് ഗേറ്റ് ഫീ പിരിവ് ലേലം - 7,08,888/- രൂപ കുടിശ്ശിക | 2.1 | |
| 14 | കടമുറി വാടക – 5516/- രൂപ കുടിശ്ശിക | 2.2 | |
| 15 | കെട്ടിട നികുതി നിർണയത്തിലെ അപാകം-തനത് വരുമാനം ചോരുന്നു | 2.3 | |
| 16 | പെർമിറ്റ്/ റെഗുലറൈസേഷൻ ഫീസ് കുറവ് ഈടാക്കി-നഷ്ടം 10897/- രൂപ | 2.4 | |
| 17 | തൊഴിൽ നികുതി - സ്ഥാപനനികുതി അടയ്ക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. വരവിൽ നഷ്ടം 90,470/- രൂപ. | 2.5 | |
| 18 | ലൈസൻസ് ഫീ, വിനോദ നികുതി പിരിക്കുന്നില്ല. | 2.6 | |

ഭാഗം - III

| | | | |
|---|---|---|---|
| 19 | പ്രോജക്'ട് നിർവ്വഹണത്തിൽ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 2.04കോടി രൂപ | 3.1 | |
| 20 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ പരമാവധി തുക നൽകുന്നില്ല. | 3.2 | |
| 21 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3.3 | |
| 22 | അംഗനവാടികൾ ഫിറ്റനസ് സർട്ടിഫിക്കറ്റ് ഇല്ലാതെ | 3.4 | |

| | | | |
|---|---|---|---|
| | പ്രവർത്തിക്കുന്നു. | | |
| 23 | ഐ.സി.ഡി.എസ്. - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല. | 3.5 | |
| 24 | വികലാംഗർക്ക് ട്രൈസ്കൂട്ടർ വിതരണം ചെയ്യുന്നതിന് കരാറെടുത്ത വികലാംഗ ക്ഷേമ കോർപ്പറേഷൻ<br>സ്കൂട്ടറുകൾ സപ്ലൈ ചെയ്തില്ല | 3.6 | |
| 24 | കിടാരി വാങ്ങൽ -അധികം നൽകിയ സബ്സിഡി തുക നിരാകരിക്കുന്നു | 3.7 | |
| 25 | വികസനഫണ്ട് പിൻവലിച്ച് ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. | 3.8 | |
| 26 | ഒ.ഡി.എഫ്.പ്രോജക്റ്റിനായി പിൻവലിച്ച 1,29,479/-രൂപ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു. | 3.9 | |
| 27 | യഥാസമയം പ്രോജക്റ്റുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നില്ല. | 3.10 | |
| 28 | തെരുവ് വിളക്കുകളുടെ പരിപാലനം - നിർവഹണത്തിലെ അപാകതകൾ | 3.11 | |
| 29 | തെരുവ് വിളക്കുകളുടെ പരിപാലന ചാർജ്ജ് - കത്താത്ത ബൾബുകൾ ഉൾപ്പെടെയുള്ളവയ്ക്ക് കറണ്ട് ചാർജ്ജ് ഒടുക്കുന്നു. | 3.12 | |
| 30 | തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജും പൊതുടാപ്പുകളുടെ വെള്ളക്കരവും ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു. | 3.13 | |
| 31 | ഉപയോഗിക്കാതെ ഹൈസ്പീഡ് മൾട്ടി ഫങ്ഷൻ സ്കാനർ | 3.14 | |
| 32 | ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ പദ്ധതികൾ - മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല. | 3.15 | |
| 33 | ഇമ്മ്യൂണൈസേഷൻ പരിപാടിക്ക് ആവശ്യമായ അനുബന്ധ ചെലവുകൾ - 1400/- രൂപ നിരാകരിക്കുന്നു. | 3.16 | |

| | | |
|---|---|---|
| | | |
| 34 | സബ്സെന്റർ വാടക – കരാറും ഫിറ്റനസ് സർട്ടിഫിക്കറ്റുമില്ലാതെ വാടക നല്കുന്നു. | 3.17 |
| 35 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ ടെണ്ടർ നിരക്കിനെ അധികരിച്ച് നൽകിയ തുക തിരികെ ഈടാക്കണം | 3.18 |
| 36 | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയില്ല – ലഭ്യമായ റോഡ് മെയിന്റനൻസ് ഗ്രാന്റ് ലാപ്സായി | 3.19 |
| 37 | മിത്രം ഭവന പദ്ധതി/ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് പാസ്ബുക്കിലില്ല. | 3.20 |
| 38 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3.21 |

ഭാഗം - IV

| | | |
|---|---|---|
| 39 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4.1 |
| 40 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4.3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4.5 |
| 44 | ഓഡിറ്റ് റിക്കവറി | 4.6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4.7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4.9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 11.03.2016ൽ ചേർന്ന കമ്മിറ്റി 1 (1)നമ്പരായി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 123295217.97 | 7570453.87 | 115724764.1 | |
| വരവ് | 129919379 | 58607290 | 71312089 | |
| ആകെ | 253214596.97 | 66177743.87 | 1870368553.1 | |
| ചെലവ് | 245714090 | 54555713 | 191158377 | |
| നീക്കിയിരിപ്പ് | 7500506.97 | 11622030.87 | | 4121523.9 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്. പഞ്ചായത്ത് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭരണസമിതിയും ഉദ്യാഗസ്ഥരും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 19.07.17 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | ₹ 7570453.87/- |
| വരവ് | ₹ 58607290/- |
| ആകെ | ₹ 66177743.87 /- |
| ചെലവ് | ₹ 54555713 /- |
| നീക്കിയിരുപ്പ് | ₹ 11622030/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | - | 1,44,17,641 | 1,44,17,641 | 14417641 | - |
| വികസനഫണ്ട് (എസ്.സി.പി) | - | 35,98,632 | 35,98,632 | 35,98,632 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 0 | 0 | 0 | - |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | - | 41,39,819 | 41,39,819 | 41,39,819 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 68,56,394 | 68,56,394 | 68,56,394 | - |
| ലോക ബാങ്ക് സഹായം | - | 23,29,398 | 23,29,398 | 23,29,398 | - |

വാർഷിക ധനകാര്യപത്രികയിന്മേലുള്ള അപാകതകൾ

Income & Expenditure statement പ്രകാരം പഞ്ചായത്ത് ഫണ്ട് (-) ബാലൻസിലാണ്. തൊഴിൽനികുതി, കെട്ടിട നികുതി, ഡി.&ഒ, മാർക്കറ്റ് വരവ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് എന്നീയിനങ്ങളിലെ രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക തൻവർഷവരവ് ബാലൻസ് തുകകൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

ആസ്തി രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ മൂല്യധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല. വിവിധ ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

തനത്ഫണ്ട്, റ്റി.എസ്.ബി. അക്കൗണ്ടുകളിലെ തൻവർഷ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിശദാംശം ഹാജരാക്കിയിട്ടില്ല.

| ഇനം | എ.ഫ്.എസ് പ്രകാരമുള്ള തുക (വരവ്) | രജിസ്റ്റർ പ്രകാരമുള്ള തുക (വരവ്) |
|---|---|---|
| തൊഴിൽ നികുതി (ജീവനക്കാർ) | 1884631 | 2048396 |
| വിനോദ നികുതി | 3236 | രജിസ്റ്റർ പരിപാലിച്ചിട്ടില്ല |
| കെട്ടി നികുതി (തൻവർഷം) | 1401773 | 169848 |
| കുടിശ്ശിക | 1588178 | 2135801 |
| ഡി & ഒ | 126846 | 128599 |
| മാർക്കറ്റ് വരവ് | 446300 | 1544500 |

* MGNREGS I (6) Schedule ലെ തുകയും [37, 929,279], I-14 (a) Schedule -ലെ [37,928,527] തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 179 | 97 | 0 | 82 | 46 |

പദ്ധതി നിർവഹണ വിവരങ്ങൾ

| മേഖല | പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പിലാക്കിയ പദ്ധതിക | ചെലവാക്കിയ തുക |
|---|---|---|---|---|

| | | | ളുടെ എണ്ണം | |
|---|---|---|---|---|
| ഉത്പാദനം | 20 | 7097191 | 16 | 2351744 |
| സേവനം | 98 | 40600223 | 38 | 27977048 |
| പശ്ചാത്തലം | 61 | 27642033 | 33 | 4827462 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവാക്കിയ തുക |
|---|---|---|---|---|
| വനിത ഘടക പദ്ധതി | 10 | 4524045 | 9 | 1508167 |
| വൃദ്ധർ | 2 | 1300000 | 1 | 100000 |
| ഭിന്നശഷിയുള്ളവർ, ദുർബല വിഭാഗത്തിൽപ്പെട്ടവർ | 1 | 500000 | 0 | 0 |
| കുട്ടികൾ | 3 | 1500000 | 1 | 240000 |
| പാലിയേറ്റീവ് കെയർ | 1 | 400000 | 1 | 339700 |
| യുവജന വികസന പരിപാടി | 5 | 1720000 | 2 | 200000 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 14 | 18513191 | 10252120 | 55 |
| അസി. എഞ്ചിനീയർ | 79 | 27 | 30260914 | 7731486 | 25 |
| കൃഷി ഓഫീസർ | 7 | 6 | 842945 | 491464 | 58 |
| വെറ്ററിനറി സർജൻ | 7 | 7 | 2944246 | 1126316 | 38 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 476600 | 399530 | 84 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 103000 | 102890 | 99 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 395000 | 394770 | 99 |
| വി.ഇ.ഒ. | 23 | 11 | 13095000 | 7528000 | 57 |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ് | 8 | 7 | 1926460 | 1849506 | 96 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 7 | 4930091 | 4460328 | 90 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 2 | 445000 | 81064 | 18 |
| ഡയറി ഫാം ഇൻസ്പെക്ടർ | 5 | 5 | 1407000 | 699000 | 50 |

## 1-7 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 6028452 | 7577634 | 1549182 |
| നികുതിയേതര വരവുകൾ | 2827598 | 899982 | 1927616 |
| ആകെ | 8856050 | 8477616 | 378434 |

പുതുക്കിയ വസ്തു നികുതി ചട്ട പ്രകാരം പുനർനിർണ്ണയിച്ച വസ്തുനികുതിയിൽ ഇളവ് അനുവദിച്ചത് (660 ചതുരശ്രഅടി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കുകയും 2000 ചതുരശ്രഅടി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവ് ബാധകമാക്കാതിരിക്കുകയും ചെയ്തത്) പഞ്ചായത്തിന്റെ നികുതി വരവ് കുറയുന്നതിന് കാരണമായി.

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | എണ്ണം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 64 | 541790 |
| 2 | തൊഴിൽരഹിത വേതനം | ലഭ്യമല്ല | 551640 |
| 3 | വിധവാ പെൻഷൻ | 1511 | 14531160 |
| 4 | വികലാംഗ പെൻഷൻ | 375 | 3509185 |
| 5 | വാർദ്ധക്യ പെൻഷൻ | 2660 | 23297985 |
| 6 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 71 | 690400 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2017 ന് ഉച്ചയ്ക്ക് 3.00 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 14058/- രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.07.17മുതൽ 06.07.17 വരെ | 01.04.2017മുതൽ 30.05.17 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.12മുതൽ 02.08.2012 വരെ | 2007-08 മുതൽ 2011-12 വരെ | 19.09.2012 |

## 1-11 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമല്ല. വരവ് തുകകൾക്ക് തെറ്റായ അക്കൗണ്ട് ഹെഡുകളിൽ രസീതുകൾ നൽകുന്നതിനാൽ വാർഷികധനകാര്യപത്രികയിലെ വിവിധ വരവിനങ്ങളിൽ അപാകത കടന്നുകൂടിയിട്ടുണ്ട്. രേഖകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിച്ചിട്ടില്ല.. വരവിനങ്ങളിൽ വസ്തു നികുതി ഒഴികെയുള്ളവയുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയാ സോഫ്റ്റ് വെയറിൽ 2016-17 വരെ നികുതി നിർണ്ണയം കഴിഞ്ഞ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തിയായിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമ്മിറ്റ് രജിസ്റ്ററിൽ നിന്നും പെർമ്മിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുന്നതിലേയ്ക്കായി തുക അടവാക്കിയിട്ടുണ്ടെങ്കിലും മീറ്ററിംഗ് പ്രാവർത്തികമാ ക്കിയിട്ടില്ല. പൊതുടാപ്പുകളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിനും ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. ക്യാഷ് ബുക്ക് ബാങ്ക് ബുക്ക് എന്നിവ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ട്രഷറി /ബാങ്ക്

റിക്കൺസിലിയേഷൻ പൂർത്തിയാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്. മരാമത്ത് പ്രവൃത്തികൾ റോഡ് കോൺക്രീറ്റിംഗിൽ മാത്രമായി ഒതുങ്ങി. ലൈബ്രറി, നഴ്സറി തുടങ്ങിയ സ്ഥാപനങ്ങളിലെ വരവ് തുകകൾക്കായി രസീത് നൽകുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല. കളക്ഷൻ രജിസ്റ്ററിൽ തന്നെ തുക പഞ്ചായത്തിൽ അടച്ച രസീത് വിവരവും രേഖപ്പെടുത്തേണ്ടതാണ്.

(എ) ക്യാഷ് ബുക്ക് പരിപാലനം

ധനകാര്യ വകുപ്പിന്റെ 12.04.2006 ലെ ജി.ഒ (പി) 177/2006 പ്രകാരം എല്ലാ നിർവഹണോദ്യോഗസ്ഥരും അവരവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഫോറം TR 7A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശം ഗ്രാമപഞ്ചായത്തിലെ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പാലിച്ചിട്ടില്ല.

## 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ന്യൂനതാ സാക്ഷ്യപത്രം

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലക്ഷ്മീപുരം മാർക്കറ്റ് ഗേറ്റ് ഫീ പിരിവ് ലേലം - 7,08,888/- രൂപ കുടിശ്ശിക

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ലക്ഷ്മീപുരം മാർക്കറ്റിന്റെ ഗേറ്റ് ഫീ പിരിവിനുള്ള അവകാശം 27.02.2016 ലെ പരസ്യ ലേലത്തെ തുടർന്ന് 29.02.2016 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ I(1) തീരുമാനപ്രകാരം ശ്രീ.റാം.എസ്.ബി, കടയിൽ വിളാകം. ഒറ്റപ്ലാമുക്ക്, കുന്തള്ളൂർ എന്നയാൾക്ക് 16,58,888/-രൂപയ്ക്ക് 2016-17 കാലയളവിലേക്ക് ലേലം ഉറപ്പിച്ച് നൽകിയിട്ടുള്ളതാണ്. ടിയാൻ 27.02.2016 ൽ ഒന്നാം ഗഡുവായി 8,00,000/-രൂപ ഒടുക്കുകയും ചെയ്തു. തുടർന്ന് ബാക്കി തുക ടിയാൻ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതിരുന്നതിനെ തുടർന്ന് കുടിശ്ശിക തുക അടയ്ക്കുന്നതിന് 20.02.2017 ൽ A3-1177/17 നം നോട്ടീസ് പ്രകാരം അറിയിച്ചതിനെ തുടർന്ന് 04.03.2017 ൽ 1,50,000/- രൂപ പഞ്ചായത്തിൽ ഒടുക്കി. ബാക്കി തുകയായ 7,08,888/- രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല.

29.02.2016 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ I(1) തീരുമാനപ്രകാരം ലേലം സ്ഥിരപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിൽ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ കരാർ വയ്ക്കുന്നതിനും ലേലത്തുക മുഴുവനും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനും തുക ഒടുക്കാത്തപക്ഷം ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് തഹസിൽദാരിൽ നിന്നും വാങ്ങി 7 ദിവസത്തിനുള്ളിൽ ഹാജരാക്കുന്നതിനും 01.03.2016 ൽ A3-1735/2016(1) നമ്പർ കത്ത് പ്രകാരം കരാറുകാരനെ അറിയിച്ചിരുന്നുവെങ്കിലും കരാർ വാങ്ങുകയോ സോൾവൻസി വാങ്ങുകയോ ചെയ്തിട്ടില്ല.

ലേല വ്യവസ്ഥകൾ പ്രകാരം ലേലം താത്ക്കാലികമായി സ്ഥിരപ്പെടുത്തിയാൽ ലേലം കൊണ്ട തുകയുടെ പകുതി ജാമ്യസംഖ്യയായി അപ്പോൾത്തന്നെ അടയ്ക്കണമെന്നും ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ മുഴുവൻ തുകയും അടയ്ക്കണമെന്നും അല്ലാത്ത പക്ഷം സോൾവൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നും ബാക്കി തുക മെയ് 31, ആഗസ്റ്റ് 31 എന്നീ തീയതികൾക്കു മുമ്പായി അടയ്ക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം 18% പലിശയും പിഴപ്പലിശയും അടയ്ക്കേണ്ടതാണ്. എന്നാൽ ലേലവ്യവസ്ഥകളൊന്നും തന്നെ പാലിക്കപ്പെട്ടിട്ടില്ല.

സോൾവൻസിയോ ബാങ്ക് ഗ്യാരണ്ടിയോ വാങ്ങാതിരുന്നതിനാലാണ് പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുക യഥാസമയം ഈടാക്കുവാൻ കഴിയാതെ പോയത്. കൂടാതെ നിയമപ്രകാരമുള്ള

കരാറിലേർപ്പെടാതിരുന്നത് ടിയാനെതിരെ ജപ്തി/പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് തുക ഈടാക്കാനുള്ള നടപടികൾ കൂടുതൽ ദുഷ്കരമാക്കുകയും ചെയ്യും. ആയതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട 7,08,888/- രൂപ അടിയന്തിരമായി പിരിച്ചെടുക്കുകയോ അല്ലാത്തപക്ഷം നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുകയോ ചെയ്യേണ്ടതാണ്.

## 2-2 കടമുറി വാടക - 5516/- രൂപ കുടിശ്ശിക

ശാർക്കര ഗ്രൗണ്ടിലെ 7-ാം നമ്പർ കടമുറി 2016-17 കാലയളവിലേക്ക് ശ്രീമതി.അംബിക, തൊടിയിൽ വീട്, ചിറയിൻകീഴ് എന്നയാൾക്ക് 788/- രൂപ പ്രതിമാസ വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ ടിയാൾ 09/2016 മുതൽ 03/2017 വരെയുള്ള വാടക നാളിതുവരെ ഒടുക്കിയിട്ടില്ല. കൂടാതെ വാടകക്കാരുമായി നിയമപ്രകാരമുള്ള കരാറിൽ ഏർപ്പെട്ടിട്ടുമില്ല. ആയതിനാൽ കുടിശ്ശികയായ 5516/- രൂപ അടിയന്തിരമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 2-3 കെട്ടിട നികുതി നിർണയത്തിലെ അപാകം-തനത് വരുമാനം ചോരുന്നു

2016-17 കാലയളവിൽ ചുവടെ ചേർക്കുന്ന 100 ച.മീറ്റർ, 200 ച.മീറ്റർ എന്നിവയിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ 100 ച.മീറ്ററിൽ താഴെയുള്ളവ എന്ന കണക്കിലെടുത്ത് നികുതി കുറച്ച് നിർണയിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണം ($m^2$) | | നിർണയിച്ച നികുതി (പ്രതി വർഷം) @ 40 | ഈടാക്കേണ്ടുന്ന നികുതി @60 | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | ബൈജു ദീപ്തി, നിർമ്മാല്യം, മേൽകടയ്ക്കാവൂർ | 2/14 A | 29.37 | 102.71 | 1058 | 1322 | 264 |
| | | 2/14 B | 29.37 | | 1058 | 1322 | 264 |
| | | 2/14 C | 43.97 | | 1503 | 1880 | 377 |
| 2 | തുളസി/എം.കെ.സുലഭ, ടി.എസ്.ടവർ, വലിയകട | 6/1041 | 71.17 | 153.38 | 3203 | 4270 | 1067 |
| | | 6/1042 | 82.21 | | 3289 | 4933 | 1644 |
| 3 | സന്തോഷ് കുമാർ/ സുരേഷ് കുമാർ | 7/3 A | 35 | 160 | 1680 | 2100 | 420 |
| | | 7/3 B | 45 | | 2160 | 2700 | 540 |
| | | 7/3 C | 35 | | 1596 | 1995 | 399 |
| | | 7/3 D | 45 | | 2052 | 2565 | 513 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | സ്വർണ്ണമ്മ, താഴവിളാകത്ത് വീട്, അഴൂർ | 8/366A | 23.5 | 180.4 | 1034 | 1293 | 259 |
| | | 8/366 B | 14.6 | | 643 | 803 | 160 |
| | | 8/366 C | 14.6 | | 643 | 803 | 160 |
| | | 8/366 D | 14.6 | | 643 | 803 | 160 |
| | | 8/366 E | 14.6 | | 643 | 803 | 160 |
| | | 8/366 F | 15.5 | | 648 | 810 | 162 |
| | | 8/366 G | 83 | | 3470 | 4337 | 867 |
| 5 | സുഭാഷ്.എസ്.നായർ, വിനായക ബിൽഡിംഗ്, ശാർക്കര | 16/52 A | 24 | 210 | 960 | 2016 | 1056 |
| | | 16/52 B | 51 | | 2448 | 4284 | 1836 |
| | | 16/52 C | 64 | | 3072 | 5376 | 2304 |
| | | 16/52 D | 71 | | 3408 | 5964 | 2556 |
| 6 | അനിരുദ്ധൻ, ആല്വവിള വീട്, കിഴവിലം | 16/43 A | 45.39 | 249.06 | 1816 | 3178 | 1362 |
| | | 16/43 B | 47.75 | | 1910 | 3343 | 1433 |
| | | 16/43 C | 31.39 | | 1256 | 2198 | 942 |
| | | 16/43 D | 31.39 | | 1256 | 2198 | 942 |
| | | 16/43 E | 45.39 | | 1816 | 3178 | 1362 |
| | | 16/43 F | 47.75 | | 1910 | 3343 | 1433 |
| ആകെ | | | | | | | 22642 |

കേവലം ആറു കെട്ടിടങ്ങളിൽ നിന്നു മാത്രമായി 22,642/- രൂപ പ്രതിവർഷം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.20) ടി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി നിർണയം കൃത്യമായി നിർണയിക്കുന്നതിനും കൃത്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനും ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 2-4 പെർമിറ്റ്/ റെഗുലറൈസേഷൻ ഫീസ് കുറവ് ഈടാക്കി-നഷ്ടം 10897/- രൂപ

2016-17 കാലയളവിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ്/ റെഗുലറൈസേഷൻ ഫീ കുറവ്

ഈടാക്കിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട ത്തിന്റെ വിസ്തീർണം ($m^2$) | പെർമിറ്റ്/ റെഗുലറൈ സേഷൻ | ഈടാ ക്കിയ ഫീസ് | ഈടാ ക്കേണ്ടുന്ന ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | 3701/16 | രാധിക | 78 | റെഗുലറൈ സേഷൻ | 390 | 585 | 195 |
| 2 | 3765//16 | ശ്യാമള | 137 | പെർമിറ്റ് | 243 | 343 | 100 |
| 3 | 4726/16 | ലതിക | 44 | റെഗുലറൈ സേഷൻ | 220 | 330 | 110 |
| 4 | 5258/16 | സന്തോഷ്/മായ | 54.79<br>134.55 | പെർമിറ്റ്<br>റെഗുലറൈ സേഷൻ | 950 | 1498 | 548 |
| 5 | 5464/16 | സുകീഷ് ലാൽ | 38 (വാണിജ്യം)<br>57 | റെഗുലറൈ സേഷൻ | 335 | 409 | 74 |
| 6 | 5818/16 | അബ്ദുൾ സലാം | 40.92 | റെഗുലറൈ സേഷൻ | 576 | 860 | 284 |
| 7 | 5875/16 | ഷീബ | 53 | റെഗുലറൈ സേഷൻ | 265 | 398 | 133 |
| 8 | 5975/16 | ജയന്തി | 60 | റെഗുലറൈ സേഷൻ | 300 | 450 | 150 |
| 9 | 4032/16 | നിർമ്മല | 50 | റെഗുലറൈ സേഷൻ | 250 | 375 | 125 |
| 10 | 6712/16 | നളിനി | 79 | റെഗുലറൈ സേഷൻ | 395 | 593 | 198 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | 6801/16 | സുനിത.എസ് | 76.33 | റെഗുലറൈസേഷൻ | 380 | 573 | 193 |
| 12 | 876/16 | സജിത | 57 | റെഗുലറൈസേഷൻ | 305 | 428 | 123 |
| 13 | 7218/16 | വസന്ത | 74.3 | റെഗുലറൈസേഷൻ | 375 | 558 | 183 |
| 14 | 7224/16 | റീന/പ്രേം കുമാർ | 154.14 | റെഗുലറൈസേഷൻ | 1550 | 2313 | 763 |
| 15 | 7431/16 | ശ്രീജിത്ത് | 68 | റെഗുലറൈസേഷൻ | 340 | 510 | 170 |
| 16 | 7577/16 | പ്രഭാവതി | 65.3 | റെഗുലറൈസേഷൻ | 330 | 490 | 160 |
| 17 | 7168/16 | ശ്രീജ | 69.32 | റെഗുലറൈസേഷൻ | 350 | 490 | 140 |
| 18 | 7959/16 | മനോന്മണി | 53.12 | റെഗുലറൈസേഷൻ | 270 | 399 | 129 |
| 19 | 8284/16 | ശാന്ത | 50 | റെഗുലറൈസേഷൻ | 250 | 375 | 125 |
| 20 | 8698/16 | ചന്ദ്രമോഹനൻ & ഗീത | 79 | റെഗുലറൈസേഷൻ | 400 | 593 | 193 |
| 21 | 8717/16 | രമണി | 56 | റെഗുലറൈസേഷൻ | 290 | 420 | 130 |
| 22 | 7851/16 | എം.ഷാജി & ബാതുഷ് | 19 (വാണിജ്യം) | റെഗുലറൈസേഷൻ | 266 | 399 | 133 |

| | | | | | | | |
|---|---|---|---|---|---|---|---|
| 23 | 131/A/1551/15 | അബിദ്ദുൾ റഹിം | 249 | റെഗുലറൈസേഷൻ | 2490 | 3735 | 1245 |
| 24 | 10097/16 | അൻസി സലാം | 151.5 | റെഗുലറൈസേഷൻ | 2324 | 3182 | 858 |
| 25 | 10272/16 | ജയൻ | 68.8 | റെഗുലറൈസേഷൻ | 365 | 516 | 151 |
| 26 | 10760/16 | അജയകുമാർ | 114.9 | റെഗുലറൈസേഷൻ | 525 | 863 | 338 |
| 27 | 10367/16 | അനിൽകുമാർ | 24 (വാണിജ്യം) | റെഗുലറൈസേഷൻ | 336 | 504 | 168 |
| 28 | 11766/16 | സാബു & ഷെമീറ | 83.28 | റെഗുലറൈസേഷൻ | 420 | 625 | 205 |
| 29 | 123535/16 | അംബിളി | 141.33 | പെർമിറ്റ് | 248 | 354 | 106 |
| 30 | 04/13382 /16-17 | സുധാകരൻ | 212.33 | റെഗുലറൈസേഷൻ | 2123 | 3185 | 1062 |
| 31 | 05/13597/16 | രാകേഷ് ചന്ദ്രൻ | 93.5 | റെഗുലറൈസേഷൻ | 333 | 702 | 369 |
| 32 | 08/1104/16-17 | ബീന രാജീവ് | 80 | റെഗുലറൈസേഷൻ | 420 | 600 | 180 |
| 33 | 13/7169/17 | വേണു & സിന്ധു | 79.68 | റെഗുലറൈസേഷൻ | 200 | 598 | 398 |
| 34 | 17/13738/16-17 | ബൈജു | 76.6 | റെഗുലറൈസേഷൻ | 378 | 575 | 197 |
| 35 | 20//1319 /16-17 | രാധ | 96.72 | റെഗുലറൈസേഷൻ | 484 | 726 | 242 |

| | | | | | | | |
|---|---|---|---|---|---|---|---|
| 36 | 23/11189/16-17 | അസുമാബീവി | 82 | റെഗുലറൈസേഷൻ | 410 | 615 | 205 |
| 37 | 26/2034/2016 | സതി.വി.എം. | 162.74 | റെഗുലറൈസേഷൻ | 1627 | 2441 | 814 |
| ആകെ | | | | | 21713 | 32610 | 10897 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.16) നൽകിയ മറുപടിയിൽ KPBR-2011 ചട്ടം 137(4) പ്രകാരം ക്രമവത്കരണത്തിന് പെർമിറ്റ് ഫീസിന്റെ ഇരട്ടി മാത്രം ഈടാക്കിയാൽ മതിയെന്ന് കാണുന്നു എന്ന് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിയ്ക്കുന്നില്ല. 11.11.2015 ലെ 229813/ആർ.ഡി.2/15/തസ്വഭവ നമ്പർ സർക്കാർ കത്ത് പ്രകാരം പെർമിറ്റ് എടുക്കാതെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുമ്പോൾ പെർമ്മിറ്റ് ഫീസും പെർമ്മിറ്റ് ഫീസിന്റെ ഇരട്ടി ക്രമവത്ക്കരണ ഫീസും ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽതുക ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 2-5 തൊഴിൽ നികുതി - സ്ഥാപനനികുതി അടയ്ക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. വരവിൽ നഷ്ടം 90,470/- രൂപ.

2016-17 കാലയളവിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ഒന്നും രണ്ടും അർദ്ധവർഷത്തെ സ്ഥാപനനികുതി
ഒടുക്കിയിട്ടില്ല. നഷ്ടം 30.000/- രൂപ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | ഡോ.കോശിസ് മൾട്ടിസ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 2500 |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് | 2500 |
| 3 | റോയൽ ഡെന്റൽ കെയർ സെന്റർ | 2500 |
| 4 | ഡി.ഡി.ആർ.സി. എസ്.ആർ.എൽ ഡയഗ്നോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് | 2500 |
| 5 | ഡോ.ഗിരിജാസ് ഡയഗ്നോസ്റ്റിക് ലബോറട്ടറി & സ്കാൻസ് | 2500 |
| 6 | യു.എ.ഇ എക്സ്ചേഞ്ച് & ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡ് | 2500 |
| 7 | എസ്.ബി.ഐ, ചിറയിൻകീഴ് | 2500 |
| 8 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, ശാർക്കര | 2500 |

| | | |
|---|---|---|
| 9 | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് | 2500 |
| 10 | ചിറയിൻകീഴ് താലൂക്ക് എയ്ഡഡ് സ്കൂൾ കോപ്പറേറ്റിവ് സൊസൈറ്റി ലിമിറ്റഡ് T 401 | 2500 |
| 11 | റേഷൻ ഷോപ്പ് (എം.ഐ.ഷെറിൻ) | 2500 |
| 12 | ബിവറേജസ് കോർപ്പറേഷൻ, ചിറയിൻകീഴ് | 2500 |
| ആകെ | | 30,000/- |

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ഒന്നും രണ്ടും അർദ്ധവർഷത്തെ സ്ഥാപനനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഒടുക്കിയതായി കാണുന്നില്ല. സ്ഥാപന നികുതിയിനത്തിൽ നഷ്ടം 15,000/-

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപന നികുതി | തൊഴിൽ നികുതി |
|---|---|---|---|
| 1 | പറമ്പിൽ ഫൈനാൻസ് | 2500 | കണക്കാക്കിയിട്ടില്ല. |
| 2 | നിയോൺ കാഷ്യൂസ് | 2500 | |
| 3 | ഹോട്ടൽ പത്മശ്രീ | 2500 | |
| 4 | സ്വാമിജി തീയേറ്റർ കം ആഡിറ്റോറിയം | 2500 | |
| 5 | രാജസ്ഥാൻ ജ്വലറി | 2500 | |
| 6 | സ്വാമിജി ക്ലിനിക്ക് | 2500 | |
| ആകെ | | 15,000 | |

തൊഴിൽ നികുതി (ട്രേഡേഴ്സ്) രജിസ്റ്റർ പ്രകാരം 23860/- രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക അടിയന്തിരമായി പിരിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല. 21610/- രൂപ കുടിശ്ശിക

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി |
|---|---|---|
| 1 | സൗത്തേൺ റെയിൽവേ | 16250/- (രണ്ടാം അർദ്ധവർഷം) |
| 2 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | 3750/- (രണ്ടാം അർദ്ധവർഷം) |

| | | |
|---|---|---|
| 3 | ഡോ.കോശിസ് മൾട്ടിസ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 1610/- (ഒന്നാം അർദ്ധവർഷം) |

## 2-6 അമ്യൂസ്മെന്റ് പാർക്കുകളിൽ നിന്നും ലൈസൻസ് ഫീ, വിനോദ നികുതി എന്നിവ പിരിക്കുന്നില്ല.

(a) 30.07.2016 ൽ പഞ്ചായത്ത് കമ്മിറ്റിയുടെ V(1) നം. തീരുമാന പ്രകാരം ശ്രീ.അബ്ദുൾ ഗഫൂർ, മകൾ ശ്രീമതി.ഷൈമ എന്നിവരുടെ സ്ഥലത്ത് ശ്രീ.രമേഷ്കുമാർ, MRA-143, തച്ചോട്ട് കാവ്, പേയാട്, തിരുവനന്തപുരം എന്നയാൾക്ക് അമ്യൂസ്മെന്റ് പാർക്ക് നടത്തുന്നതിന് താത്ക്കാലികാനുമതി നൽകിയിരുന്നു. താൽക്കാലികാനുമതിയോടു കൂടി പ്രവർത്തനം തുടങ്ങി, ഇപ്പോഴും പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ടി പാർക്കിൽ നിന്നും 2016-17 കാലയളവിൽ ലൈസൻസ് ഫീ, വിനോദ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

(b) ലൈസൻസ് രജിസ്റ്റർ പ്രകാരം ശ്രീ.ജയൻ എന്നയാളിൽ നിന്നും ശാർക്കര മൈതാനത്ത് താത്ക്കാലിക അമ്യൂസ്മെന്റ് പാർക്കിന് 13000/- രൂപ ലൈസൻസ് ഫീ ഈടാക്കിയതാണ്. എന്നാൽ ടിയാൾ പഞ്ചായത്ത് ഫണ്ടിലേക്ക് വിനോദ നികുതി ഒടുക്കിയിട്ടില്ല.

വിനോദ നികുതി ഈടാക്കുന്നതിലേക്കായുള്ള DCR (Daily Collection Report), ടിക്കറ്റ് സ്റ്റാമ്പിംഗ് രജിസ്റ്റർ എന്നിവ പരിശോധയ്ക്കായി ലഭ്യമാക്കേണ്ടതാണെന്ന് അറിയിച്ചിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

ടി പാർക്കുകളിൽ നിന്നും വിനോദ നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച - ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 2.04കോടി രൂപ

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം 20429793/- രൂപ നഷ്ടമായി. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് ഇപ്രകാരം നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | ചെലവഴിച്ച തുക | നഷ്ടമായതുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 17119114 | 14417641 | 2701473 |
| വികസനഫണ്ട് എസ്.സി.പി. | 9281502 | 3598632 | 5682870 |
| സംരക്ഷണ ഗ്രാന്റ്- | 7640034 | - | 7640034 |

| | | | |
|---|---|---|---|
| റോഡ് | | | |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4537992 | 4139819 | 398173 |
| 13th CFCഗ്രാന്റ് | 9600899 | 6856394 | 2744505 |
| പെർഫോർമൻസ് ഗ്രാന്റ് | 3592136 | 2329398 | 1262738 |
| ആകെ | 51771677 | 31341884 | 20429793 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടത് എന്നത് തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ പരമാവധി തുക നൽകുന്നില്ല.

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ടിൽ നിന്നും 399950/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 8വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 35 വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 12370/- രൂപ (വ്യത്യസ്ത ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) വീതമാണ് നൽകിയിട്ടുള്ളത്. പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 15200 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. 2015-16 വർഷം വികസന ഫണ്ട് അലോട്ട്മെന്റ് ഇനത്തിൽ ലഭിച്ച തുകയിൽ 2701473/- രൂപ ചെലവഴിക്കാതെ ലാപ്സായ സാഹചര്യത്തിലാണ് നിർബന്ധമായും തുക വകയിരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ച പ്രോജക്ടുകൾക്ക് പോലും ആവശ്യമായ തുക വകയിരുത്താതിരുന്നത്. ഇത് തുടർനടപടികൾക്കായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. ജി.ഒ (എം.എസ്)362/2013 ത.സ്വ.ഭ.വ 16.11.2013 ഖണ്ഡിക VIII (ബി) പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത എന്ന പ്രോജക്ട് സംയുക്ത പ്രോജക്ടായി നടപ്പിലാക്കേണ്ടതാണ്. വരും വർഷങ്ങളിൽ ജില്ലാ ബ്ലോക്ക് വിഹിതം കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്.

## 3-3 അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല.(അവലംബം ഓഡിറ്റ് എൻക്വയറി നം. 3/11.07.17) മറുപടി.

സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും കുടുംബ ശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്റ്റിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫിസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഖ(iii) പ്രകാരം അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണ നിലവാരവും പരിശോധനാ വിധേയമാക്കുന്നതിനായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതുമാണ്.

## 3-4 അംഗനവാടികൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 32 അംഗനവാടികളുണ്ട്. അതിൽ 17 എണ്ണം സ്വന്തം കെട്ടിടത്തിലും 15 എണ്ണം വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്.

സ.ഉ.നം.31055/D.C.2/11/ത.സ്വ.ഭ.വ22.03.11 ഖ സി.(1) പ്രകാരം എല്ലാ വർഷവും മെയ് പത്തിനകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനിയർ-ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗനവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഖ.സി (II) പ്രകാരം യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അംഗനവാടികൾ പ്രവർത്തിക്കാൻ പാടില്ല.

എന്നാൽ അംഗനവാടികൾക്കൊന്നും തൻവർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. എഞ്ചിനിയർ-ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗനവാടികളും സന്ദർശിക്കേണ്ടതും അംഗനവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-5 ഐ.സി.ഡി.എസ്. - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല.

പ്രോജക്റ്റ് നം : S0065/17

പേര് : അംഗനവാടി പോഷകാഹാരം (എസ്.സി.പി)

അടങ്കൽ തുക : 600000/-

ചെലവ് തുക : 600000/-

ഫണ്ടിനം : വികസന ഫണ്ട് (എസ്.സി.പി)

ബിൽ നം/തീയതി : 4/30.12.16,13/27.03.16

പ്രോജക്റ്റ് പ്രകാരം വാങ്ങിയ ഭക്ഷ്യസാധനങ്ങളുടെ അളവും ഐ.സി.ഡി.എസ് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തീയതി | ഇനം | വാങ്ങിയ അളവ് (Kg) | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള അളവ്(Kg) | വ്യത്യാസം (Kg) |
|---|---|---|---|---|---|
| 1 | 140/1.08.16 | ചെറു പയർ | 499 | 296 | 203 |
| 2 | 140/1.08.16 | ശർക്കര | 316 | 312 | 4 |
| 3 | 140/1.08.16 | കപ്പലണ്ടി | 438 | 436 | 2 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.3/11.07.17) മറുപടിയിൽ പ്രോജക്റ്റ് പ്രകാരം വാങ്ങിയ സാധനങ്ങളുടെ അളവും ഐ.സി.ഡി.എസ്. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലും തമ്മിൽ ഒത്തുനോക്കാൻ വിട്ടുപോയതിനാലാണ് ഇത്തരം അപാകത വന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം സ്റ്റോക്കിലുള്ള വ്യത്യാസം നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കരുതുന്നതായിരിക്കും.

## 3-6 വികലാംഗർക്ക് ട്രൈസ്കൂട്ടർ വിതരണം ചെയ്യുന്നതിന് കരാറെടുത്ത വികലാംഗ ക്ഷേമ കോർപ്പറേഷൻ സ്കൂട്ടറുകൾ സപ്ലൈ ചെയ്തില്ല

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് ട്രൈസ്കൂട്ടർ വിതരണം ചെയ്യുന്നതിന് പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 600000/- രൂപ വകയിരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. പദ്ധതിയുടെ നിർവ്വഹണത്തിലു ണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഭിന്നശേഷിക്കാരായ 8 ഗുണഭോക്താക്കൾക്ക് സൈഡ് വീലുള്ള സ്കൂട്ടർ നൽകുന്നതിന് 2016 മാർച്ച് 16-ാം തീയതി5,72,000/- രൂപ (ഡി.ഡി.നം. – 694019 dtd 24.03.16) വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകിയെങ്കിലും ഓഡിറ്റ് തീയതിയിലും സ്കൂട്ടറുകൾ സപ്ലൈ ചെയ്തിട്ടില്ല.
2. വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കാതെ യാണ് സ്ഥാപനത്തിന് മുൻകൂറായി മുഴുവൻ തുകയും നൽകിയിട്ടുള്ളത്. എഗ്രിമെന്റിന്റെ അഭാവത്തിൽ സ്കൂട്ടറുകൾ സപ്ലൈ ചെയ്യാൻ വീഴ്ചവരുത്തിയ സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തിന് പരിമിതിയുണ്ട്. (സ്കൂട്ടറുകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് അയച്ച കത്തുകളോട് വികലാംഗ ക്ഷേമ കോർപ്പറേഷൻ മറുപടി നൽകിയതിൽ 15 .05.2017 ന് മുൻപ് സ്കൂട്ടറുകൾ വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്).
3. അംഗീകൃത ഡീലർമാരിൽനിന്നും ടെണ്ടർ ക്ഷണിച്ച് സ്കൂട്ടറുകൾ വാങ്ങുന്നതിന് പകരം വികലാംഗ കോർപ്പറേഷനിൽനിന്നും ടെണ്ടർ ഒഴിവാക്കി നേരിട്ട് വാങ്ങൽ നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിച്ചത് ക്രമപ്രകാരമല്ല. വൻതുകയ്ക്കുള്ള വാങ്ങലിന് ടെണ്ടർ നടപടികൾ ഒഴിവാക്കി ടി സ്ഥാപനത്തെ പരിഗണിക്കുന്നതിന് പ്രൊക്യുർമെന്റ് കമ്മിറ്റിയോ, പഞ്ചായത്ത് കമ്മിറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി മുൻകൂർ തുക നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ 177/2006/Fin നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും അതിൽ പറഞ്ഞ ഇനങ്ങൾക്കുമാത്രമായിരിക്കണം. പ്രസ്തുത ഉത്തരവിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഏജൻസികൾക്കല്ലാതെ (KWA/KSEB/GWD/PWD/ COSTFORD/NIRMITHI /Universities & Engineering Colleges under the Control of the Govt. for rendering services) മറ്റ് ഏജൻസികൾക്ക് മുൻകൂർ തുക നൽകുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി അവശ്യമാണ്. വികലാംഗക്ഷേമ കോർപ്പറേഷന് വികസന ഫണ്ട് അഡ്വാൻസായി നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. സർക്കാർ ഉത്തരവ് ഇല്ലാതെ വികസന ഫണ്ട് മുൻകൂറായി പ്രസ്തുത സ്ഥാപനത്തിന് നൽകിയത് ക്രമപ്രകാരമല്ല.

5. ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം (12.04.2006-ലെ 177/2006/Fin നമ്പർ ഉത്തരവ്) ചെലവ് മുന്നിൽകണ്ടുകൊണ്ട് ട്രഷറിയിൽനിന്നും മുൻകൂറായി പിൻവലിക്കാനോ, ട്രഷറിയിൽനിന്നും പദ്ധതി നിർവ്വഹണത്തിനായി പിൻവലിക്കുന്ന തുകകൾ 30 ദിവസത്തിൽ അധികം കൈവശം സൂക്ഷിക്കുവാനോ പാടില്ല. എന്നാൽ പദ്ധതിയുടെ ഭാഗമായി 16.03.2016-ലെ 33/15-16 നമ്പർ ട്രഷറി ബിൽ പ്രകാരം പിൻവലിച്ച 5,72000/- രൂപയ്ക്ക് 26.05.16-ലാണ് സ്ഥാപനം കൈപ്പറ്റ് രസീത് നൽകിയിട്ടുള്ളത്. ട്രഷറിയിൽനിന്നും പിൻവലിച്ച തുക ദീർഘകാലം കൈവശം സൂക്ഷിച്ചത് ധനവിനിയോഗ മാർഗ്ഗരേഖയുടെ ലംഘനമാണ്.

6. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികലാംഗർക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അനുമതി മാത്രമാണ് വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകിയിട്ടുള്ളത്. വികലാംഗർക്കുള്ള ഉപകരണങ്ങളിൽ സൈഡ് വീലുള്ള സ്കൂട്ടറുകൾ ഉൾപ്പെടുന്നില്ല. കേന്ദ്ര മോട്ടോർ വാഹന നിയമം അധ്യായം 3 പ്രകാരം ട്രെയ്ഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ മോട്ടോർ വാഹനങ്ങളുടെ വ്യാപാരത്തിൽ ഏർപ്പെടാൻ കഴിയൂ. വികലാംഗ ക്ഷേമ കോർപ്പറേഷന് ട്രെയ്ഡ് സർട്ടിഫിക്കറ്റ് ഇല്ല. അതിനാൽ മോട്ടോർ വാഹന കച്ചവടത്തിൽ ഏർപ്പെടുന്നതിന് നിയമപരമായി അർഹതയില്ല. വികലാംഗ ക്ഷേമ കോർപ്പറേഷൻ വാഹന വ്യാപാരത്തിൽ ഒരു മദ്ധ്യവർത്തിയായി പ്രവർത്തിച്ച് അനർഹമായി ആനുകൂല്യം നേടുന്ന സാഹചര്യമാണ് സൃഷ്ടിച്ചത്. അംഗീകൃത ഡീലർമാരിൽനിന്നും ടെണ്ടർ ക്ഷണിച്ച് വാഹനങ്ങൾ വാങ്ങുന്നതിന് പകരം വികലാംഗ ക്ഷേമ കോർപ്പറേ ഷനിൽനിന്നും ടെണ്ടർ കൂടാതെ വാഹനങ്ങൾ വാങ്ങുന്നതിന് അഡ്വാൻസായി തുക നൽകിയത് പ്രോക്യൂർമെന്റ് മാന്വലിന്റെ വ്യക്തമായ ലംഘനമാണ്.

## 3-7 കിടാരി വാങ്ങൽ -അധികം നൽകിയ സബ്സിഡി തുക നിരാകരിക്കുന്നു

ഡയറി ഫാം ഇൻസ്രക്ടർ നിർവഹണം നടത്തിയ കിടാരി വളർത്തൽ പ്രോജക്റ്റ് പ്രകാരം (നം:SO127/17,അടങ്കൽ തുക-180000/-, ബിൽ നം .G.P.Chkl5/16-17/25.03.17, G.P.Chkl9/16-17/31.03.17) വികസന ഫണ്ടിൽ നിന്നും 27000/-രൂപ ചെലവഴിച്ച് 3ഗുണഭോക്താക്കൾക്ക് 9000/-രൂപ നിരക്കിൽ കിടാരികളെ വാങ്ങാൻ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ജി.ഒ(എം.എസ്)362/13, ത.സ്വ.ഭ.വ. 16.11.13 ഖ.3.2(4) പ്രകാരം കിടാരി വാങ്ങുന്നതിന് പൊതുവിഭാഗത്തിന് നൽകാവുന്ന പരമാവധി സബ്സിഡി 5000/- രൂപയാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം (13/15.07.17) യുടെ മറുപടിയിൽ ഗർഭാവസ്ഥയിലുള്ള കിടാരിയെ വാങ്ങനാണ് പ്രോജകറ്റിൽ വിഭാവനം ചെയ്തിരുന്നതെന്നും ഗർഭാവസ്ഥ സംബന്ധിച്ച് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിഞ്ഞില്ലെന്നും നിർവഹണോദ്യോഗസ്ഥനൻ വ്യക്തമാക്കിയിട്ടുണ്ട്. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. മാർഗരേഖയിലെ മാനദണ്ഡ പ്രകാരം ഗർഭിണി കിടാരികൾക്ക് 5 മാസമെങ്കിലും ഗർഭമുണ്ടായിരിക്കണം.

മാർഗരേഖയിൽ അധികരിച്ച് നൽകിയ സബ്സിഡി തുക (4000x3) 12000/-രൂപ ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല. തുക നിർവഹണോദ്യോഗസ്ഥനിൽ നിന്നീടാക്കേണ്ടതാണ്.

## 3-8 വികസനഫണ്ട് പിൻവലിച്ച് ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

പ്രോജക്റ്റ് നം : S0052/17

പേര് : ആശ്രയപദ്ധതി

അടങ്കൽ തുക : 100000/-

ചെലവ് തുക : 100000/-

ഫണ്ടിനം : വികസന ഫണ്ട് (സി.എഫ്.സി.അവാർഡ്)

ബിൽ നം/തീയതി : 3/S0052/17/27.01.17

പ്രോജക്റ്റ് പ്രകാരം ഭവന പുനരുദ്ധാരണത്തിന് 2 ഗുണഭോക്താക്കൾക്ക് 25000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രോജക്റ്റ് നിർവഹണത്തിനായി 1,00,000/- രൂപ പിൻവലിച്ചിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം:12/14.07.17) യുടെ മറുപടിയിൽ പ്രോജക്റ്റ് നിർവഹണത്തിനായി തുക പിൻവലിച്ച് ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണെന്നും ആശ്രയ ഗുണഭോക്താക്കളായതിനാൽ യഥാസമയം പണിപൂർത്തീകരിക്കാൻ സാധിക്കാത്തതിനാലാണ് തുക ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ജി.(ഒ.പി.)177/2006 ധനം 12.04.2006 ഉത്തരവ് പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. പ്രസ്തുത ഗുണഭോക്താക്കളെക്കൊണ്ട് പണിപൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക വികസനഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

## 3-9 ഒ.ഡി.എഫ് പ്രോജക്റ്റിനായി പിൻവലിച്ച 1,29,479/-രൂപ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു.

വി.ഇ.ഒ. നിർവഹണം നടത്തിയ സാനിട്ടറി കക്കൂസ് പ്രോജക്റ്റിനായി (നം S0001/17, അടങ്കൽ തുക 56,82,600-രൂപ, ബിൽ നം./തീയതി- 01/08.09.16, 02/04.11.16) 5236000/- രൂപ പിൻവലിച്ചിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് വിഹിതം 3400/- രൂപ, ശുചിത്വ മിഷൻ വിഹിതം 12000/- രൂപ എന്നിങ്ങനെ 15400/- രൂപ നൽകാനാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. രേഖകൾ പ്രകാരം 338 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 338 ഗുണഭോക്താക്കൾക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ 15400/-രൂപ നിരക്കിൽ 5205200/- രൂപയാണ് ആവശ്യമുണ്ടായിരുന്നത്. എന്നാൽ പ്രോജക്റ്റ് നിർവഹണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 5236000/- രൂപ പിൻവലിച്ചിട്ടുണ്ട്. ജി.ഒ (പി.)177/2006/ധനം തീയതി 12.04.2006 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല.

2. പ്രോജക്റ്റ് നിർവഹണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച 5236000/- രൂപയിൽ 1,29,479/- രൂപ നാളിതുവരെയും ചെലവഴിച്ചിട്ടില്ല. തുക കാനറാ ബാങ്ക് ചിറയിൻകീഴ് ശാഖയിൽ നിക്ഷേപിച്ചിരിക്കുകയാണ്. (അക്കൗണ്ട് നം :3497101005428)

3. ഒന്നാം ഗഡു കൈപ്പറ്റിയ 11 ഗുണഭോക്താക്കൾ നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലിസ്റ്റിലെ ക്രമ നം. | പേരും/മേൽവിലാസവും | കൈപ്പറ്റിയ തുക | വാർഡ് നം. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 141 | ശ്രീമതി.രോഹിണി,വയലിൽ വീട്,വടക്കേച്ചിറ നിലയ്ക്കാമുക്ക്. | 5500 | 1 |
| 2. | 147 | ശ്രീമതി.കുഞ്ഞി,ഊരുത്തറവീട്,ആനത്തലവട്ടം | 5500 | 19 |
| 3. | 153 | ശ്രീമതി.പ്രേമലത,മീരാൻവിള വീട്,കോട്ടപ്പുറം | 10000 | 8 |
| 4. | 154 | ശ്രീ.പുഷ്പൻ,വയല്പട്ടിൽ വീട്,താമരക്കുളം,ആൽത്തറമൂട് | 5500 | 4 |
| 5. | 169 | ശ്രീമതി.വസന്ത,വയലിൽ തിട്ടവീട്, താമരക്കുളം,ആൽത്തറമൂട് | 5400 | 9 |
| 6. | 183 | ശ്രീമതി.വസന്ത,തിരുവാങ്കോടി വീട്,ശാർക്കര,ചിറയിൻകീഴ്. | 10000 | 8 |
| 7. | 184 | ശ്രീമതി.സശീന,വയലിൽ വീട്,മഞ്ചാടിമൂട്,ഇരപ്പപാലം | 10400 | 8 |
| 8. | 185 | ശ്രീമതി.സുധർമ്മ,വയൽത്തിട്ട വീട് , മഞ്ചാടിമൂട്, | 5400 | 8 |
| 9. | 186 | ശ്രീ.ഗോപിനാഥൻ നായർ, കൊന്നക്കുട്ടം,ശാർക്കര | 5400 | 8 |
| 10. | 237 | ശ്രീമതി.ജാനമ്മ, കുന്നിൽ വീട്,കടകം,ചിറയിൻകീഴ്. | 5400 | 9 |
| 11. | 272 | ശ്രീമതി.രമണി, ആറ്റുവരമ്പിൽത്തിട്ട,ചന്ദിരത്തുവാട,കടകം | 5400 | 9 |
| | | ആകെ | 73900 | |

4. ഓഡിറ്റിനായി സമർപ്പിച്ച അപേക്ഷകളെല്ലാം തന്നെ അപൂർണ്ണമാണ്. കരാർ പത്രത്തിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല.

5. അപേക്ഷയോടോപ്പം വാല്യുവേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | മേൽവിലാസം |
|---|---|---|
| 1. | ശ്രീമതി.ഇന്ദിര | കൊച്ചുപണയിൽ,ആറടിപ്പാത |
| 2. | ശ്രീമതി.ഓമന | വയൽത്തിട്ടവീട് ,ആറടിപ്പാത |
| 3. | ശ്രീമതി.ഷെജ്ന | വലിയവിളാകം,പെരുമാതുറ |
| 4. | ശ്രീമതി.വൈജയന്തി | മലക്കറിത്തിട്ട,പുതുക്കരി,ചിറയിൻകീഴ് |
| 5. | ശ്രീമതി.വിജയകുമാരി | കമ്പിയ്ക്കകം,കടകം,ചിറയിൻകീഴ് |

6. അപേക്ഷകളിൽ മോണിറ്ററിംഗ് റിപ്പോർട്ട്, നിർവഹണോദ്യോഗസ്ഥന്റെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | മേൽവിലാസം |
|---|---|---|
| 1. | ശ്രീമതി.ജമീലാ.ബീവി | വലിയവിളാകം,പെരുമാതുറ |
| 2. | ശ്രീമതി.റസിയ | തെരുവിൽ,പെരുമാതുറ |
| 3. | ശ്രീമതി.നിസാ | നിസാ മൻസിൽ,പെരുമാതുറ |
| 4. | ശ്രീമതി.ഷെമീന | തോപ്പിൽ വീട്,പെരുമാതുറ |
| 5. | ശ്രീ.സുനിൽ.കുമാർ | പുരവൽ വീട്,ചിറയിൻകീഴ്. |

ഒ.ഡി.എഫ്.പദ്ധതിയ്ക്കായി ശുചിത്വമിഷൻ നിർദ്ദേശിച്ച പ്രകാരം നടത്തിയ സർവ്വേയിൽ 340 ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തത്. അതിനാലാണ് 52,36,000/-രൂപ പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചത്. രണ്ട് ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണത്തിന് തയ്യാറാകാത്തതിനാലാണ് തുക അക്കൗണ്ടിൽ ബാക്കിയായത്. കൂടാതെ 11 ഗുണഭോക്താക്കൾ നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നം :19 മറുപടി).

പണിചെയ്യാൻ തയ്യാറാകാത്ത ഗുണഭോക്താക്കൾക്കായി പിൻവലിച്ച് ഒ.ഡി.എഫ്. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന 30,800/- രൂപ അടിയന്തിരമായി തിരിച്ചടയ്ക്കേണ്ടതാണ്. പ്രവൃത്തി നിർവഹണത്തിനായി 11 ഗുണഭോക്താക്കൾക്ക് മുൻകൂറായി നൽകിയ 73900/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. ഭാവിയിൽ അപേക്ഷകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കാൻ നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 യഥാസമയം പ്രോജക്റ്റുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നില്ല.

പ്രോജക്റ്റ് നം. : S0082/17

നിർവ്വഹണം : എച്ച്.എം, ഗവ.യു.പി.എസ്, പാലവിള

പ്രോജക്ടിന്റെ പേര് : ചിറയിൻകീഴ് ജലോത്സവം

ചെലവ് തുക : 50,000/- രൂപ

ഓണാഘോഷത്തോടനുബന്ധിച്ച് ചതയദിന നാളിൽ പുളിമൂട്ടിൽ കടവിൽ നടത്തിവരുന്ന ചിറയിൻകീഴിന്റെ പ്രാദേശികോത്സവമാണ് ചിറയിൻകീഴ് ജലോത്സവം.ജലോത്സവം ചിറയിൻകീഴിന്റെ സാംസ്കാരിക പൈതൃകം വിളിച്ചുകാട്ടുന്ന ഒന്നാണ്. തൻവർഷം സെപ്റ്റംബർ 13,14,15 തീയതികളിലാണ് ജലോത്സവം നടത്തിയത്. ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോ. നം. 82 ചിറയിൻകീഴ് ജലോത്സവം എന്ന പ്രോജക്റ്റ് 2016 സെപ്റ്റംബർ 7ന് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചത് സെപ്റ്റംബർ 17-നാണ്. തുടർന്ന് ജനറൽ കമ്മിറ്റിയുടെ 10.02.17ലെ V(6)-ാം നമ്പർ തീരുമാന പ്രകാരം ജലോത്സവത്തിന് ചെലവായ തുക പ്രോജക്റ്റിൽ വകയിരുത്തിയതിൽ നിന്നും ചെലവഴിക്കുന്നതിന് എച്ച്.എം.നെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

സമയബന്ധിതമായി പ്രോജക്റ്റ് തയ്യാറാക്കി ഡി.പി.സി.യ്ക്ക് സമർപ്പിക്കാത്തതിനാലാണ് ജലോത്സവം നടക്കുന്ന തീയതിക്ക് മുൻപ് ആയതിന് അംഗീകാരം ലഭിക്കാത്തത്. സമയബന്ധിതമായി പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-11 തെരുവ് വിളക്കുകളുടെ പരിപാലനം - നിർവഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം : S124/17

അടങ്കൽ : 500000/-(CFC grant)

ചെലവ് : 400000/-

ബിൽ നം. : 15/5124/17 തീയതി :23.02.17

തെരുവ് വിളക്കുകളുടെ പരിപാലനം എന്ന പദ്ധതി പ്രകാരം തെരുവ് വിളക്കുകൾ യഥാസമയം റിപ്പയർ ചെയ്ത് രാത്രി സമയത്ത് മുടക്കം കൂടാതെ പ്രകാശിപ്പിക്കുന്നതിനായി വാർഷിക അറ്റകുറ്റപ്പണി മുഖേന പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് താൽപര്യമുള്ള അംഗീകൃത ഇലക്ട്രിക് കരാറുകാരിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചുകൊണ്ട് 25.10.2016 -ൽ വിവിധ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഓർഡിനറി ബൾബ്, മെർക്കുറി ലാമ്പ് സി.എഫ്.എൽ.സിംഗിൾ ട്യൂബ് സെറ്റ്, സോഡിയം വേപ്പർ ലാമ്പ് എന്നിവ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ ശൃംഖല വർഷത്തിൽ ഒരു ദിവസം പോലും മുടക്കംകൂടാതെ പ്രകാശിപ്പിക്കുന്നതിന് ഓരോ ഇനത്തിനും ഒരെണ്ണത്തിന് വേണ്ടിയിരുന്ന ലേബർ ചാർജ്ജ് (നികുതി ഉൾപ്പെടെ) ടെണ്ടറിൽ കാണിക്കണം എന്നായിരുന്നു നിബന്ധന. ടെണ്ടർ തുറന്ന് പരിശോധിക്കേണ്ട അവസാന തീയതിയായ 14.11.2016 വരെ 4 ടെണ്ടറുകൾ ലഭിച്ചിരുന്നു. ടെണ്ടർ സമർപ്പിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | നിരക്ക് |
|---|---|---|
| 1. | ജി.എസ്.ബാലകൃഷ്ണൻ നായർ<br>കൃഷ്ണവിലാസം,കോവിൽ വിള. | Single Tube-290<br>Double Tube-410<br>Sodium Vapour lamp-1100 |

| | | |
|---|---|---|
| | | Automatic CFL-450<br>Normal CFL-150 |
| 2. | കെ.ഗോപാലകൃഷ്ണൻ<br>യൂണിയൻ ഇലക്ട്രിക്കൽ | Replacing bulb/C.F.L-75<br>Replacing C.F.L set}-105<br>after changing C.F.L} holder/wire/refitting.<br>Replacing single tube set-203<br>Repairing double tube set-305<br>Repairing S.V.lamp-985 |
| 3. | | Repairing bulb/CFL-60<br>Replacing C.F.L set}-80<br>after changing C.F.L} holder/wire/refitting.<br>Dismantelling single}<br>tube set -180<br>from existing pole,cleaning,rewiring,}<br>replacing and refitting.<br>Dismantelling double}-266<br>tube set.<br>Replacing S.V.lamp after}-795 dismantelling. |
| 4 | നബീൽ ബെസ്റ്റ് & സെഫ് ഇലക്ട്രിക്കൽസ്, ഓടയം | Single tube light -160<br>Double tube light-200<br>C.F.L-135<br>S.V.&M.V.lamp-599<br>Bulbs-60<br>Instellation of new L.E.D-100<br>light-20W<br>Automatic 2*11 C.F.L-200<br>LED street light40W-290<br>LED high mask 1 piece-950 |

മുകളിൽ പറയും പ്രകാരം ലഭിച്ച ടെണ്ടറുകളിൽ ക്രമ നം. 3 പുഷ്പമിത്രന്റെ ടെണ്ടറിൽ അംഗീകൃത ലൈസൻസ് ഇല്ലാതിരുന്നതിനാലും ക്രമ നം.4 ശ്രീ.നബീലിന്റെ ടെണ്ടറിൽ ആവശ്യമില്ലാത്ത അധിക ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നാലും ക്രമ നം. 2 ശ്രീ.ഗോപാലകൃഷ്ണൻ സമർപ്പിച്ച ടെണ്ടറിലും ക്രമ നം. 3, 4 ടെണ്ടറുകളിലും ഒരു തവണ വീതം അറ്റകുറ്റപ്പണിയ്ക്കുള്ള തുക മാത്രം ഉൾപ്പെടുത്തിയിരുന്നാലും ടി ടെണ്ടറുകളും നിരസിക്കുന്നതിനും ക്രമ നം.1 ശ്രീ.ഗോപാലകൃഷ്ണൻ സമർപ്പിച്ച ടെണ്ടറിൽ 3 തവണ അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള നിരക്ക് കുറവായതിനാലും ടിയാന്റെ ടെണ്ടർ അംഗീകരിക്കുന്നതിന് 15.11.2016-ലെ 1(2)-ാം

നം തീരുമാനമായി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. എന്നാൽ പ്രസ്തുത തീരുമാനത്തിലും, ടെണ്ടർ വിവരങ്ങൾ മിനിട്ട്സിൽ രേഖപ്പെടുത്തിയതിലും അപാകതകൾ കാണുന്നു.

1. സമർപ്പിച്ച ടെണ്ടറുകളിലൊന്നിലും തന്നെ അറ്റകുറ്റപ്പണികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ക്രമ നം.1ടെണ്ടറിൽ single tube, double tube എന്നിങ്ങനെയെഴുതിയാണ് നിരക്ക് സമർപ്പിച്ചിരിക്കുന്നത്. ബൾബുകൾ മാറ്റിയിടുന്നതിനും holder, wire, bulb എന്നിവയുൾപ്പെടെ മാറ്റിയിടുന്നതിനും ടിയാൾ നിരക്ക് ക്വാട്ട് ചെയ്തിരുന്നില്ല. താരതമ്യേന കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരുന്ന ശ്രീ.പുഷ്പമിത്രന്റെ ടെണ്ടർ നിരസിക്കുന്നതിന് മുമ്പ് ടിയാളോട് അംഗീകൃത ലൈസൻസ് ഹാജരാക്കുന്നതിന് ആവശ്യപ്പെടാമായിരുന്നു. നെഗോസിയേഷൻ നടത്തിയതായും കാണുന്നില്ല (ടിയാൾക്കാർ മുൻവർഷങ്ങളിലും ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്). സമർപ്പിച്ച ടെണ്ടറുകളിലെ രേഖപ്പെടുത്തലിൽ നിന്നും വ്യത്യസ്തമായി അറ്റകുറ്റപ്പണികളുടെ എണ്ണം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. 08.02.2016 മുതൽ 07.12.2017 വരെയുള്ള കാലയളവിൽ റിപ്പയറിംഗ് നടത്തുന്നതിനായി കരാർ ചമയ്ക്കുകയും 12/16, 3/17 എന്നീ രണ്ട് കാലയളവിൽ റിപ്പയർ ചെയ്യുന്നതിന് താഴെപ്പറയും പ്രകാരം ബിൽ സമർപ്പിച്ചിട്ടുണ്ട്.

സിംഗിൾ ട്യൂബ് 290 @ 703=203870

ഡബ്ബിൾ ട്യൂബ് 410 @ 381=156210

ആട്ടോ സി.എഫ്.എൽ 450 @ 591 = 265950

626030

പഞ്ചായത്ത് പരിധിയിൽ ആകെ എത്ര വിളക്കുകൾ ഏതൊക്കെ ഇനം എന്നതിനെ സംബന്ധിച്ച് യാതൊരു വിവരവും സൂക്ഷിക്കുന്നില്ല.വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തി നൽകിയ കണക്കും കരാറുകാരൻ ഹാജരാക്കിയ വിവിധ വാർഡുകളിലെ ലിസ്റ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. നൽകിയ തുകയിൽ അറ്റകുറ്റപ്പണിക്കും, ഒരു ബൾബ് മാറ്റിയിടുന്നതിനുമുള്ള നിരക്ക് പ്രത്യേകം കാണിച്ചിട്ടില്ല. ആയതിനാൽ നൽകിയ തുക യഥാർത്ഥത്തിൽ അറ്റകുറ്റപ്പണിക്കാണോ, ലൈറ്റുകൾ മാറ്റിയിടുന്നതിനാണോയെന്ന് അറിയാൻ കഴിയുന്നില്ല. മിനിട്ട്സിൽ രേഖപ്പെടുത്തിയതിൽ നിരക്ക് അനുസരിച്ച് വർഷത്തിൽ മൂന്നു പ്രാവശ്യം അറ്റകുറ്റപ്പണി നടത്തണമെന്നാണ്. എന്നാൽ ടെണ്ടർ നോട്ടീസിൽ ആവശ്യമുള്ള സമയത്തെല്ലാംതന്നെ അറ്റകുറ്റപ്പണികളും ബൾബ് മാറ്റിയിടലും നടത്തിയെന്നും തെരുവ് വിളക്കുകൾ മുടക്കം കൂടാതെ കത്തുന്നുവെന്നും ഉറപ്പുവരുത്തണമെന്നാണ്. ഇതു രണ്ടും പരസ്പര വിരുദ്ധമാണ്. മൂന്നു പ്രാവശ്യം അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടെങ്കിൽത്തന്നെ അറ്റകുറ്റപ്പണിയുടെ നിരക്കിനെ എണ്ണം കൊണ്ടു ഗുണിച്ചാണ് കരാറുകാരൻ പ്രതിഫലം വാങ്ങിയിരിക്കുന്നത്. ഒരു ലൈറ്റ് തന്നെ മൂന്ന് പ്രാവശ്യം അറ്റകുറ്റപ്പണി നടത്തുകയോ, മാറ്റിയിടുകയോ ചെയ്തിട്ടില്ലായെന്ന് ഇതിൽ നിന്നും അനുമാനിക്കാവുന്നതാണ്. സാധുവായ മറ്റു ടെണ്ടറുകൾ ഉണ്ടായിരുന്നിട്ടും പരിഗണിക്കാതിരുന്നതിനാലും ടെണ്ടർ നിരക്ക് മിനിട്ടസിൽ വ്യത്യസ്തമായി രേഖപ്പെടുത്തിയതിലും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. KSEB യുടെ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് വളരെയധികം ഉയർന്നതാണ്. നെഗോസിയേഷന് ശ്രമിച്ചതായും കാണുന്നില്ല.

വാങ്ങിയ സാധനങ്ങളും ഉപയോഗിച്ച സാധനങ്ങളും സ്റ്റോക്കിൽ രേഖപ്പെടുത്തിയതിലും വ്യത്യാസം ഉണ്ട്. ടെണ്ടർ പ്രകാരം നിരക്ക് ക്വാട്ട് ചെയ്തിട്ടില്ലാത്ത ഇനങ്ങൾക്കും സപ്ലൈ ഓർഡർ നല്കിയിട്ടുണ്ട്. ആവശ്യകതാ നിർണയം നടത്താതെ ടെണ്ടർ ക്ഷണിച്ചതിലെ അപാകതയാണ് ഇതിലൂടെ കാണാൻ കഴിയുന്നത്.

സാധനങ്ങൾ വാങ്ങിയതിന് ആവശ്യകതാ നിർണയം നടത്തിയതെന്ന് സൂചിപ്പിക്കുന്ന രേഖകളില്ല. പഞ്ചായത്തിലെ വിവധ ഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ലാമ്പുകൾ, ബൾബുകൾ, അവ സ്ഥാപിച്ചിരിക്കുന്ന

പോസ്റ്റുകൾ എന്നിവയുടെ വിവരം എന്നിവ ലഭ്യമല്ല. ഓരോ വാർഡിലേക്കും ആവശ്യമായ സാധനങ്ങളുടെ എണ്ണം, ബന്ധപ്പെട്ട വാർഡ് മെമ്പർമാരിൽ നിന്നും വാങ്ങാതെയാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. (ഫയലിൽ ഇതു സംബന്ധിച്ച രേഖകളില്ല.) കരാറുകാരൻ ഹാജരാക്കിയ രേഖകൾ പ്രകാരം CFL, ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, പോസ്റ്റ് നമ്പർ എന്നിവയെഴുതി ആയതിന്റെ നിരക്കനുസരിച്ച് പ്രതിഫലം നൽകുകയാണ് ചെയ്തിട്ടുള്ളത്. അറ്റകുറ്റപ്പണി ആവശ്യമായതും ട്യൂബ്/ CFL മാറ്റിയിടൽ മാത്രമുള്ളതും പ്രത്യേകം കാണിച്ചിട്ടില്ല. വാർഡ് മെമ്പർമാർ നല്കിയ കണക്കും കരാറുകാരൻ നല്കിയ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനവും തൃപ്തികരമല്ല.

അപാകതയിന്മേൽ ചെലവഴിച്ച 4,00,000/- രൂപ (നാല് ലക്ഷം രൂപ) തടസ്സപ്പെടുത്തുന്നു.

## 3-12 തെരുവ് വിളക്കുകളുടെ പരിപാലന ചാർജ്ജ് - കത്താത്ത ബൾബുകൾ ഉൾപ്പെടെയുള്ളവയ്ക്ക് കറണ്ട് ചാർജ്ജ് ഒടുക്കുന്നു.

തെരുവ് വിളക്കുകളുടെ പരിപാലന ചാർജ്ജായി പ്രതിമാസം 1,55,719/- രൂപയാണ് പഞ്ചായത്ത് അടവാക്കുന്നത്. വൈദ്യുത ബോർഡ് ലഭ്യമാക്കിയ കണക്ക് പ്രകാരം പഞ്ചായത്ത് നിലവിൽ ഒടുക്കുന്ന കറണ്ട് ചാർജ്ജിന്റെ താരിഫ് ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|
| 1 | ഓർഡിനറി ബൾബ് 40 W | 580 | 61 | 35380 |
| 2 | ഓർഡിനറി ബൾബ് 60 W | 145 | 94 | 13630 |
| 3 | ഫ്ലൂറസെന്റ് ലൈറ്റ് 40W | 244 | 61 | 14884 |
| 4 | ഫ്ലൂറസെന്റ് ലൈറ്റ് 40W x 2 | 353 | 124 | 43772 |
| 5 | മെർക്കുറി വേപ്പർ ലാമ്പ് 250 W | 3 | 414 | 1242 |
| 6 | മെർക്കുറി വേപ്പർ ലാമ്പ് 125 W | 3 | 206 | 618 |
| 7 | മെർക്കുറി വേപ്പർ ലാമ്പ് 80 W | 7 | 132 | 924 |
| 8 | സോഡിയം വേപ്പർ ലാമ്പ് 250 W | 27 | 414 | 11178 |
| 9 | സോഡിയം വേപ്പർ ലാമ്പ് 230 W | 79 | 414 | 32706 |
| 10 | സി.എഫ്.എൽ 230 W | 167 | 7 | 1169 |
| 11 | സി.എഫ്.എൽ 18W | 18 | 12 | 216 |
| | ആകെ | | | 155719 |

2015-16, 2016-17 വർഷങ്ങളിൽ തെരുവ് വിളക്ക് ഉപകരണം വാങ്ങൽ പദ്ധതിയിൽ പഞ്ചായത്ത് വാങ്ങിയ ഉപകരണങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഇനം | എണ്ണം |
|---|---|---|
| 2015-16 | ട്യൂബ് | 400 |
| | സോഡിയം വേപ്പർ ലാമ്പ് 250 W | 10 |
| | സി.എഫ്.എൽ 20 W | 500 |
| 2016-17 | ട്യൂബ് 36W | 2220 |
| | സി.എഫ്.എൽ | 750 |

| | | |
|---|---|---|
| | എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് | 40 |
| | ഹൈപ്പവർ സോഡിയം വേപ്പർ ലാമ്പ് 250 W | 79 |
| | SOCB സോഡിയം വേപ്പർ ലാമ്പ്/ MH 250 W | 40 |

ഇതിൽ ഓർഡിനറി ബൾബുകളോ, ഓർഡിനറി ലൈറ്റുകളോ ഉൾപ്പെടുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ അറ്റകുറ്റപ്പണി നടത്തുന്നതിന്റെ കൃത്യത ബോധ്യപ്പെടാൻ കഴിയുന്നില്ല.

ഓർഡിനറി ബൾബുകൾ 40W, 60W എന്നിവയ്ക്കായി 35380/- രൂപ, 73630/- രൂപ മെർക്കുറി ലാമ്പുകൾക്കായി 1242/- രൂപ, 618/- രൂപ, 824/- രൂപ എന്നീ തുകകൾ പ്രതിമാസ ചെലവുകളിൽ ഉൾപ്പെടുന്നുണ്ട്. ഓഡിറ്റ് കാലയളവിലൊന്നും തന്നെ ബൾബുകളും മെർക്കുറി ലാമ്പുകളും വാങ്ങിയതായോ, അറ്റകുറ്റപ്പണി നടത്തിയതായോ രേഖപ്പെടുത്തലു കളില്ല. ആയതിനാൽ കത്താത്ത ബൾബുകൾക്കുവേണ്ടി പഞ്ചായത്ത് ഒടുക്കുന്ന കറണ്ട് ചാർജ്ജിനെ സംബന്ധിച്ച് ഒരു അന്വേഷണം നടത്തേണ്ടതും KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം കണക്കെടുക്കേണ്ടതും രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 3-13 തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജും പൊതുടാപ്പുകളുടെ വെള്ളക്കരവും ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു.

ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജ്, പൊതുടാപ്പുകളുടെ വെള്ളക്കരം എന്നിവ പ്രതിമാസം യഥാക്രമം 1,55,719/- രൂപയും 1,55,750/- രൂപയുമാണ്. തനത് ഫണ്ടിൽ നിന്നും മിത്രം ഭവനപദ്ധതിക്കുള്ള പലിശ അടവാക്കുന്നതിനാലും പിരിഞ്ഞുകിട്ടേണ്ട തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നതിലുമുള്ള അലംഭാവം കാരണവും തനത് ഫണ്ട് താരതമ്യേന കുറവാണ്. ഭീമമായ തോതിലുള്ള വെള്ളക്കരം, വൈദ്യുതചാർജ്ജ് എന്നിവയുടെ മാസംതോറുമുള്ള അടവ് കുറയ്ക്കുന്നതിന് സ്വീകരിക്കാമായിരുന്ന നടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള 07.07.2010 ലെ 43742/DC3/2010 ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ മീറ്ററിംഗ് ഏർപ്പെടുത്തുന്നതിന് 2670110/- രൂപ അടവാക്കിയെങ്കിലും (ആകെ ചെലവ് തുകയുടെ 50%) ടി പദ്ധതിക്കായി നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

KSEB യിൽ നിന്നുള്ള തെരുവ് വിളക്കുകളുടെ ചാർജ്ജ് സ്റ്റേറ്റ്മെന്റ് പ്രകാരം 725 ഓർഡിനറി ബൾബുകൾക്കുള്ള കറണ്ട് ചാർജ്ജായി 49,010/- രൂപയാണ് ഈടാക്കുന്നത്. എന്നാൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഗ്രാമപഞ്ചായത്ത് ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ല. സി.എഫ്.എൽ, എൽ.ഇ.ഡി, ട്യൂബ് എന്നിവയുടെ വാങ്ങലാണ് നടത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഓർഡിനറി ബൾബുകളുടെ കറണ്ട് ചാർജ്ജ് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പന്തണ്ടാം പദ്ധതിയുടെ ഭാഗമായി നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ നിന്നും കുടിവെള്ള കണക്ഷൻ നൽകുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ആയതിനാൽ ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതും പൊതുടാപ്പുകളുടെ എണ്ണം കുറച്ച് കൊണ്ടു വരുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. നിലവിൽ 356 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പ്രവർത്തനരഹിതമായ ടാപ്പുകൾ കണ്ടെത്തി ആയത് കുറവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 ഉപയോഗിക്കാതെ ഹൈസ്പീഡ് മൾട്ടി ഫങ്ഷൻ സ്കാനർ

പ്രോജക്റ്റ് നം. : SO 090/2016

(ഫ്രണ്ട് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനറും ടച്ച് സ്ക്രീനും വാങ്ങൽ)

അടങ്കൽ : 2,50,000/- രൂപ (13 -ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 1,81,293/- രൂപ (വൗച്ചർ നം. : 1282/17.03.2016)

ഫ്രണ്ട് ഓഫീസിലേക്ക് ഹൈസ്പീഡ് സ്കാനറും ടച്ച് സ്ക്രീനും വാങ്ങൽ പദ്ധതി പ്രകാരം 22.02.2016 ൽ IMPL/MFP/CGP/TVM നമ്പരായി INFRES Methodex Pvt. Ltd, H-7, ജവഹർ നഗർ, തിരുവനന്തപുരം എന്ന സ്ഥാപനം സമർപ്പിച്ച ഡിജിറ്റൽ മൾട്ടിഫങ്ഷൻ ഡിവൈസിന്റെ സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ അംഗീകരിച്ച് 22.02.2016 ൽ തന്നെ A2-14397/16 നമ്പരായി പർച്ചേസ് ഓർഡർ നല്കുകയും (25.02.2014 ൽ A4-751/14 നമ്പരായി നൽകിയ പർച്ചേയ്സ് ഓർഡറും ഫയലിൽ ലഭ്യമാണ്) 11.03.2016 ൽ സ്ഥാപനം ബിൽ ഹാജരാക്കി 1,81,293/- രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

ഇൻവോയിസ് നം. TRV/15/121/1088 dt.11.03.2016

| | |
|---|---|
| KM BIZHUB 363 MFP | 172660 |
| DF 621 Document Feeder | |
| HD- 516 Hard Disc (AZACWYI) | |
| Toner (TN 414) | |
| Developer (DV 411) | |
| D/C for A3 models - C | |
| + 5% VAT | 8633 |
| Total | 181293 |

ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആവശ്യകതാ നിർണയം നടത്തിയാണ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത് എന്നതിന് ആവശ്യമായ രേഖകളില്ല (IKM ന്റെ ആവശ്യകതാ നിർണയ പത്രം). ക്വട്ടേഷൻ / ടെണ്ടർ ക്ഷണിച്ചതായ രേഖകൾ ഹാജരാക്കിയിട്ടില്ല.
2. കരാർ ഉടമ്പടി പ്രകാരമുള്ള വാറണ്ടി കാലയളവ് 15.03.2017 ൽ അവസാനിച്ചു. ടി ഉപകരണം നാളിതുവരെ ഉപയോഗിക്കുവാൻ പ്രാപ്തമായ രീതിയിൽ ഇൻസ്റ്റാൾ ചെയ്തിട്ടില്ല.
3. കൊറിയർ മുഖേന എത്തിയ ഉപകരണങ്ങൾ ഇപ്പോഴും പായ്ക്കറ്റ് പൊട്ടിക്കാതെ പ്രസിഡന്റിന്റെ മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. വാറണ്ടി കാലയളവിൽ പ്രവർത്തിപ്പിക്കാതിരുന്നതിനാൽ ഇനിയും ടി ഉപകരണം പ്രവർത്തന സജ്ജമായ രീതിയിൽ ഉറപ്പിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനല്ല. (കരാർ

ഉടമ്പടിയുടെ ഇനം 13 (In case the supply of articles involves erection as machinery the Contractor agrees that the machinery will erected within the time and at the place specified by the purchasing officer in the behalf. It hassle also be the duty and responsibility of the contractor to see that the machinery thus erected isin good working condition to the specification of the person duly authorised by the purchasing officer in that behalf and to ensure the proper functioning of the machinerytill guarentee period is over.] 11.03.2016 ൽ ലഭിച്ച ടി ഉപകരണം വാറന്റി കാലയളവ് കഴിഞ്ഞിട്ട് നാളിതുവരെ ഇൻസ്റ്റാൾ ചെയ്യാതെയും ഉപയോഗിക്കാതെയുമിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

4. ടി ഉപകരണം നാളിതുവരെ സ്റ്റോക്കിലെടുത്തിട്ടില്ല.

ടി ഉപകരണം നാളിതുവരെ ഉപയോഗപ്രദമാക്കിയിട്ടില്ലാത്തതിനാൽ ഇതിലേക്കായി ചെലവഴിച്ച 1,81,293/- രൂപ (ഒരു ലക്ഷത്തി എൺപത്തിയൊന്നായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ) തടസ്സപ്പെടുത്തുന്നു.

## 3-15 ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ പദ്ധതികൾ - മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല.

*ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ*

2016-17 കാലയളവിൽ ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി (പ്രോജക്ട് നം. SOO76/2017) പ്രകാരം 350000/-രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ട്.19.01.17 ന് സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കിയിട്ടുണ്ട്.2,29,076/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി തുകയായ 1,20,924/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ലാത്തതാകുന്നു.

*ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ*

2016-17 കാലയളവിൽ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി (പ്രോജക്ട് നം. 77/2017) പ്രകാരം 60000/-രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുള്ളതാണ്. (ഡി.ഡി നം. 698169 തീയതി. 03.01.2017) ഫയലുകൾ പരിശോധിച്ചതിൽ 50450/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി തുകയായ 9550/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ലാത്തതാണ്.

ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ

ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി (പ്രോജക്ട് നം. SOO76/2017) പ്രകാരം 350000/-രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ട്.19.01.17 ന് സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രസീത് ഹാജരാക്കിയിട്ടുണ്ട്.2,29,076/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 1,20,924/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

ആശുപത്രികളുടെ ദൈനംദിന പ്രവർത്തനത്തെ മരുന്നുകളുടെ ലഭ്യതക്കുറവ് ഗുരുതരമായി ബാധിക്കുമെന്നതിനാൽ മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻ ശ്രമിക്കേണ്ടതാണ്. വിഷയത്തിലേക്ക് സർക്കാരിന്റെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.

## 3-16 ഇമ്മ്യൂണൈസേഷൻ പരിപാടിക്ക് ആവശ്യമായ അനുബന്ധ ചെലവുകൾ - 1400/- രൂപ നിരാകരിക്കുന്നു.

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ 2016-17 കാലയളവിൽ ഇമ്മ്യൂണൈസേഷൻ പരിപാടിക്ക് ആവശ്യമായ അനുബന്ധ ചെലവുകൾ എന്ന പദ്ധതി (പ്രോജക്ട് നം. 106/2017) പ്രകാരം വാഹനം ലഭ്യമാക്കുന്നതിന് ഒരു മാസം രണ്ട് തവണ പോകുന്നതിന് 2800/- രൂപ നിരക്കിൽ 7 മാസത്തേക്ക്

വികസനഫണ്ട് (റോഡിതരം) - ൽ നിന്നും 19,600/-രൂപ വകയിരുത്തിയിരുന്നു. ഇതിൻ പ്രകാരം ശ്രീ.സഫീർ എന്നയാളുടെ വാഹനം (KL 16 – 1171) വാടകയ്ക്ക് എടുത്തിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ക്വട്ടേഷൻ ക്ഷണിക്കാതെയാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത് എന്ന് കാണുന്നു.

ഇമ്മ്യൂണൈസേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 24.11.2016, 29.11.2016, 27.12.2016, 29.12.2016, 24.01.2017 തീയതികളിൽ ശാർക്കര, ആനത്തലവട്ടം എന്നിവിടങ്ങളിൽ വച്ച് ഇമ്മ്യൂണൈസേഷൻ ക്യാംപുകൾ സംഘടിപ്പിച്ചിട്ടുള്ളതായി കാണുന്നു. ലഭ്യമായ രേഖകൾ പ്രകാരം 25.10.2016, 26.10.2016 എന്നീ തിയതികളിൽ ഇമ്മ്യൂണൈസേഷൻ നടന്നിട്ടില്ല എന്നിരിക്കെ അന്നേ ദിവസങ്ങളിൽ യഥാക്രമം 600/-രൂപ, 800/- രൂപ വീതം വാഹനവാടക നൽകിയിരിക്കുന്നു. (ബിൽ നം. 6/2016-17 തീ.30.12.2016) ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രണ്ട് ദിവസങ്ങളിലും ഇമ്മ്യൂണൈസേഷൻ നടന്നിട്ടില്ല എന്നു വിലയിരുത്തി വാഹന വാടകയിനത്തിൽ നൽകിയ 1400/- രൂപ നിരാകരിക്കുന്നു.

## 3-17 സബ്സെന്റർ വാടക – കരാറും ഫിറ്റനസ് സർട്ടിഫിക്കറ്റുമില്ലാതെ വാടക നല്കുന്നു.

സബ്സെന്റർ വാടക എന്ന പദ്ധതി പ്രകാരം (പ്രോജക്ട് നം. 109/2017) വികസനഫണ്ട് (റോഡിതരം) -ൽ നിന്നും 11,000/- രൂപ വകയിരുത്തുകയും ശ്രീ.അശോകൻ, വടക്കതിൽ വീട് എന്നയാൾക്ക് 4/2016 മുതൽ 7/2016 വരെ വാടകയിനത്തിൽ 500/- രൂപ നിരക്കിലും 8/2016 മുതൽ 2/2017 വരെ 750/- രൂപ നിരക്കിലും നല്കിയിരിക്കുന്നു. (4250/- ബിൽ നം.3/2016-17 dt.23.11.2016, 750/- ബിൽ നം.5/2016-17 dt.30.12.2016, 750/- ബിൽ നം.7/2016-17 dt.30.01.2017, 1500/- ബിൽ നം.15/2016-17 dt.31.03.2017) കൂടാതെ 11/2016 മുതൽ 2/2017 വരെ ശ്രീ.അനിൽകുമാർ, ശാർക്കരാലയം, ആനത്തലവട്ടം എന്നയാൾക്കും 3/2017 ൽ ശ്രീമതി.സുജ ലിയോൺ, പാരഡൈസ് ഹൗസ്, ആനത്തലവട്ടം എന്നയാൾക്കും 700/- രൂപ നിരക്കിൽ വാടക നല്കിയിരിക്കുന്നു. (3500/- ബിൽ നം.15/2016-17 dt.31.03.2017)

രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ഉള്ളതായിക്കാണുന്നു.

1. ശ്രീ.അശോകൻ, വടക്കതിൽ വീട് വാടക വർദ്ധനവിന് അപേക്ഷ നൽകാതെയാണ് 750/- രൂപയായി വാടക വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളത്.
2. വാടകയ്ക്കെടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് പി.ഡബ്ല്യൂ.ഡി യിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, വാടകനിർണയം എന്നിവ ലഭ്യമാക്കിയിട്ടില്ല.
3. 2016-17 കാലയളവിലേക്ക് കെട്ടിട ഉടമകളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ആയതിനാൽ മേൽപ്പറഞ്ഞ അപാകങ്ങൾ പരിഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ ടെണ്ടർ നിരക്കിനെ അധികരിച്ച് നൽകിയ തുക തിരികെ ഈടാക്കണം

പ്രോജക്റ്റ് നം. : SO32/17

അടങ്കൽ : 292745/-

ചെലവ് : 292745/- 7/SO32/17/30.09.16

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് 2015-16-ൽ ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കെ.ഗോപാലകൃഷ്ണൻ ,യൂണിയൻ ഇലക്ട്രിക്കൽസിന്റെ ടെണ്ടർ അംഗീകരിച്ച് അറ്റകുറ്റപ്പണി നടത്തുന്നതിന് അനുമതി നൽകിയിരുന്നു.ടെണ്ടറിൽ ക്വാട്ട് ചെയ്തിരുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

Replacing bulb or CFL on existing street light-@65

Dismantelling one single tube set-@185

Dismantelling double tube light set-@270

എന്നാൽ ഹാജരാക്കിയ ബിൽ പ്രകാരം Replacing bulb or CFL on existing street light എന്ന പ്രവൃത്തിക്ക് 70/- രൂപ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്.ഇപ്രകാരം അധികം കൈപ്പറ്റിയതുക തിരികെ ഈടാക്കേണ്ടതാണ്.

| C.F.L.എണ്ണം | അർഹത | അനുവദിച്ചത് | അധികം |
|---|---|---|---|
| 457 | 457@65=29705 | 457@70=31990 | 2285 |

## 3-19 അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയില്ല - ലഭ്യമായ റോഡ് മെയിന്റനൻസ് ഗ്രാന്റ് ലാപ്സായി

2016-17 വർഷം മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി 81062434 /- രൂപ അടങ്കലുള്ള 20 പ്രവൃത്തികൾക്കായി അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ ഒരു പ്രവൃത്തി പോലും നടപ്പിലാക്കാതിരുന്നതിനാൽ ലഭ്യമായ 7640034/- രൂപ ലാപ്സായി.

| അലോട്ടമെന്റ് പ്രകാരമുള്ള ലഭ്യമായ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|
| 7640034 | 0 | 7640034 |

അതത് സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് വേണ്ടിയാണ് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കാതെ ലാപ്സാക്കായിത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഫണ്ട് വിനിയോഗം ഫലപ്രദവും സമയബന്ധിതവും ആക്കി നടപ്പിലാക്കുന്നതിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-20 മിത്രം ഭവനപദ്ധതി - ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് പാസ്സ്ബുക്കിൽ ഇല്ല

2013-14 സാമ്പത്തികവർഷം മിത്രം ഭവന പദ്ധതി എന്ന പേരിൽ ഒരു പുതിയ ഭവനനിർമ്മാണ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് 18.03.2013-ലെ II (I) തീരുമാനമായി ചിറയിൻകീഴ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ നിന്നും (ബാങ്ക് നം.1155)28000000/- രൂപ വായ്പ എടുക്കുന്നതിന് തദ്ദേശസ്വയംഭരണ (ബി.സി) വകുപ്പിന്റെ 11.03.13 ലെ സ.ഉ(എം.എസ്) നം.83/13 ത.സ്വ.ഭ.വ പ്രകാരം അനുമതി നൽകുകയും ഇ.എം.എസ് ഭവന പദ്ധതിയുടെ 07.11.2009 ലെ സ.ഉ (എം.എസ്/207/09) നമ്പർ ഉത്തരവിലെ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നൽകുകയും ചെയ്തിരുന്നു. പദ്ധതിയുടെ മുതൽ പത്ത് വർഷം കൊണ്ട് വികസനഫണ്ടിൽ നിന്നും തിരിച്ചടയ്ക്കുന്നതിനും (മൊത്തം വികസനഫണ്ടിന്റെ 15% പരിധിയിൽ കവിയാത്ത തുക) പലിശ തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ തിരിച്ചടയ്ക്കുന്നതിനും പലിശ 10% ത്തിൽ കവിയരുതെന്നുമായിരുന്നു മറ്റ് നിബന്ധന.

ഇതുമായി ബന്ധപ്പെട്ട ഫയൽ, ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്റർ, പാസ്സ്ബുക്ക് എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

140 ഗുണഭോക്താക്കളെ ആനുകൂല്യം നൽകുന്നതിനായി തെരഞ്ഞെടുക്കുകയും കരാർ ഉടമ്പടി വച്ചതിനെ തുടർന്ന് അഡ്വാൻസായി 20000/- രൂപ വീതം നൽകുകയും ചെയ്തു. ഇതിനായി ലോൺ അക്കൗണ്ടിൽ നിന്നും 2800000/- രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. തുടർന്ന് വിവിധ തീയതികളിലായി താഴെപ്പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്.

| | |
|---|---|
| 28.06.2014 | 3000000 |

| | |
|---|---|
| 22.07.2014 | 5000000 |
| 25.08.2014 | 5000000 |
| 25.11.2014 | 2000000 |
| 07.01.2015 | 3000000 |
| 16.04.2015 | 2000000 |
| 15.05.2015 | 2000000 |
| 03.12.2015 | 5000000 |
| 22.12.2015 | 5000000 |
| 13.02.2016 | 3000000 |
| 23.03.2016 | 500000 |
| 16.01.2016 | 500000 |

ആകെ 27100000/- രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ പേര് വിവരം രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിശോധിച്ചതിൽ 112 പേർ വീട് പണി പൂർത്തീകരിച്ച് 200000/- രൂപ വീത് കൈപ്പറ്റിയിട്ടുണ്ട്. 21 പേർ 180000/- രൂപയും, 2 പേർ 140000/- രൂപയും, 4 പേർ 80000/- രൂപയും, ഒരാൾ 20000/- രൂപയുമാണ് കൈപ്പറ്റിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയ്ക്കായി ആകെ ചെലവ് വരുന്ന തുക താഴെപ്പറയും പ്രകാരമാണ്.

| |
|---|
| 112 x 200000 = 22400000 |
| 21 x 180000 = 3780000 |
| 1 x 140000 = 280000 |
| 4 x 80000 = 320000 |
| 1 x 20000 = 20000 |
| ആകെ തുക = 26800000 |
| ഗുണഭോക്താക്കൾ = 140 |

പിൻവലിച്ച തുക = 27100000

ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക = 26800000

ബാക്കി = 300000

പലിശ = 34265 (31.03.2015 – 13917,

30.09.2015 -11848,

31.03.2016 – 1811

01.10.2016 – 6689)

നീക്കിയിരിപ്പ് = 334265

ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള

നീക്കിയിരിപ്പ് 31.03.2017 = 219705

വ്യത്യാസം = 114560

നീക്കിയിരിപ്പിലുണ്ടായ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയുടെ മറുപടിയിൽ അക്വിറ്റൻസ് രജിസ്റ്ററിൽ സമയബന്ധിതമായി നൽകിയ ഗഡുക്കളുടെ വിവരം

ചേർക്കുവാൻ വിട്ടുപോയത് കൊണ്ട് സംഭവിച്ചതാണെന്നാണ്. പാസ്ബുക്ക് നീക്കിയിരിപ്പ് പൊരുത്തപ്പെട്ടത്തി ഹാജരാക്കേ ണ്ടതാണ്. അഡ്വാൻസ് തുക കൈപ്പറ്റി നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ പിടിക്കുന്നതിനുള്ള നടപടികളും വീട്പണി പൂർത്തീകരിക്കാത്ത മറ്റ് 24 ഗുണഭോക്താക്കൾ ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-21 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17 വർഷം അംഗീകാരം ലഭിച്ച 116 പദ്ധതിയിൽ 104 എണ്ണം പൂർത്തിയാക്കി. പ്രവൃത്തികൾ നടന്നുവരുന്നു (IAY). ഓഡിറ്റ് വർഷം 979 തൊഴിൽ കാർഡുകൾ വിതരണം ചെയ്തു. രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ -979

സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ -119046

ഒരു കുടുംബത്തിന് ലഭ്യമായ ശരാശരി -71.41

തൊഴിൽ ദിനങ്ങൾ

100 തൊഴിൽ ദിനം ലഭ്യമായ - 641

കുടുംബങ്ങളുടെ എണ്ണം

(1). പരമ്പരാഗത ജലസ്രോതസ്സുകളുടെ ധനസഹായം (3എണ്ണം), ജലസംരക്ഷണ പ്രവൃത്തികൾ (മഴക്കുഴി) നിർമ്മാണം, ഭൂവികസനം, മരംവച്ച് പിടിപ്പിക്കൽ, എണ്ണം എന്നീ പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. എൻ.ആർ.ഇ.ജി.എസ്. ഫണ്ട് വിനിയോഗം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 866600 | ഇ.എഫ്.എം.എസ് | 37135000 |
| ബാങ്ക് പലിശ | 1519.75 | ഭരണചെലവുകൾ | 794279 |
| ഇ.എഫ്.എം.എസ് | 37135000 | | |
| ആകെ | 38003119.7575 | ആകെ | 37929279 |
| നീക്കിയിരിപ്പ് | - | | 73840.75 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വണ ഏജൻസി | പ്രവർത്തി യുടെ പേര് | ബിൽ / ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി യുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| കെ.ഡബ്ല്യൂ. എ | പൈപ്പ് ലൈയ്ൻ എക്സ്റ്റൻഷൻ | ഓൺലൈയ്ൻ | 451945 | 451945 | - | - |
| കെ.എസ്.ഇ.ബി, കഴക്കൂട്ടം | സമ്പൂർണ്ണ വൈദ്യുതീകരണം | 22/So186/17 Electrification 28/03/2017 | 175712 | 175712 | ഇല്ല | - |
| കെ.എസ്.ഇ.ബി, ആറ്റിങ്ങൽ | സമ്പൂർണ്ണ വൈദ്യുതീകരണം | 22/So186/17 Electrification 28/03/2017 | 608064 | 608064 | ഇല്ല | - |
| കെ.ഡബ്ല്യൂ. എ | Construction of pipeline in ward 4,7,8,9, 12,15,16,18, in Panchayath | 2177 dtd:15/2/17 | 439817 | U.C ലഭിച്ചിട്ടില്ല. കത്ത് നൽകിയിട്ടുണ്ട് | - | - |
| കെ.ഡബ്ല്യൂ. എ | Construction of pipeline in Eanchakkal Colony<br>S 176/17 | 2178 dtd: 15/2/17 | 92300 | U.C ലഭിച്ചിട്ടില്ല. കത്ത് നൽകിയിട്ടുണ്ട് | - | - |
| കെ.ഡബ്ല്യൂ. എ | Construction of pipeline for Thekke Aryathuruthy | 2179 dtd:15/2/17 | 238920 | U.C ലഭിച്ചിട്ടില്ല. കത്ത് നൽകിയിട്ടുണ്ട് | - | - |
| കെ.ഡബ്ല്യൂ. എ | Pole Shifting in ward 15<br>173/17 | 2175 dtd: 15/2/17 | 57287 | U.C ലഭിച്ചിട്ടില്ല. കത്ത് നൽകിയിട്ടുണ്ട് | - | - |
| കെ.ഡബ്ല്യൂ. എ | Extension of Street main in ward3 &15 107/17 | 2176 dtd: 15/2/17 | 171938 | U.C ലഭിച്ചിട്ടില്ല. കത്ത് നൽകിയിട്ടുണ്ട് | - | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

| പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ/ വൗച്ചർ നം. | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തിരിച്ചട യ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| മിത്രം ഭവന പദ്ധതി | - | 28000000 | 15700000 | 2500000 | 2000000 | 11200000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2005-06 | 2009-10 | ഖരമാലിന്യ നിർമ്മാർജനം പദ്ധതി നടപ്പിലാക്കിയില്ല. | . - |

| | | | |
|---|---|---|---|
| 3-5 | 3-1(2) | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ)* സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58607290 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54555713 |
| വരവിനങ്ങളിലുള്ള നഷ്ടം | 815771 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15685 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 655193 |

(ബി*) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖ.നം | വരവിനങ്ങളിലെ നഷ്ടം | ചെലവിനങ്ങളിലുള്ള നഷ്ടം | നഷ്ടത്തിനുത്തരവാദികളായവരുടെ പേരും മേൽവിലാസവും |
|---|---|---|---|
| 2-1 | 708888 | | സെക്രട്ടറി |
| 2-2 | 5516 | | സെക്രട്ടറി |
| 2-4 | 10897 | | സെക്രട്ടറി |
| 2-5 | 90470 | | സെക്രട്ടറി |
| 3-7 | | 12000 | ശ്രീ.ബിജു.വാസുദേവൻ<br>ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-16 | | 1400 | എം.ഒ.പി.എച്ച്.സി |
| 3-18 | | 2285 | സെക്രട്ടറി |

*(സി)* ക്രമാനുസരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-9 | 73900 | ശ്രീ.ബിനുപ്രസാദ്, വി.ഇ.ഒ |
| 3-11 | 400000 | സെക്രട്ടറി |
| 3-14 | 181293 | സെക്രട്ടറി |

(ഡി) *സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 73900 | ശ്രീ.ബിനുപ്രസാദ്, വി.ഇ.ഒ |
| 3-11 | 400000 | ശ്രീ.എസ്.പ്രവീൺ സെക്രട്ടറി |
| 3-14 | 181293 | ശ്രീ.സുഭാഷ് ചന്ദ്രൻ, സെക്രട്ടറി |

(എഫ്) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ജി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ

ഇല്ല

(എച്ച്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.പ്രവീൺ, സെക്രട്ടറി, | - | ഉഷസ്, ആൽത്തറമൂട്, കടയ്ക്കൽ |
| ശ്രീ.ബിജു, സെക്രട്ടറി | - | ജാനകി, നം.6/407, പാര 119, വട്ടിയൂർക്കാവ് 695013 |
| ശ്രീ.സുഭാഷ് ചന്ദ്രൻ, | - | സാമന്തം, |

| | | |
|---|---|---|
| സെക്രട്ടറി | | ശിവനഗർ, ചിറയിൻകീഴ് പി.ഒ, തിരുവനന്തപുരം |
| ശ്രീ.ബിനുപ്രസാദ്, വി.ഇ.ഒ | - | തെറ്റിത്തൊടി വീട്, വക്കം പി.ഒ, പിൻ 695308 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടു വിച്ച ഏറ്റവും ഒടു വിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവ ശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.റ്റി.ഡി.ജി.പി.6.(ഡി)/752 /98തീയതി15.07.14 | 34,46,50,51,52 നിൽക്കുന്നു. മറ്റുള്ളവ ഒഴിവാക്കി. |
| 1997-98 | എൽ.എഫ്.റ്റി.ഡി.ജി.പി.6.(ഡി)/752 /98തീയതി15.07.14 | പരാമർശങ്ങൾ നില നിൽക്കുന്നു. |
| 1998-99 | എൽ.എഫ്.റ്റി.ഡി.ജി.പി.6.(ഡി)/752 /98തീയതി15.07.14 | ഖ.1 ഒഴിവാക്കി. മറ്റുള്ളവ നിലനിൽക്കുന്നു. |
| 1999-2000 | എൽ.എഫ്.റ്റി.ഡി.ജി.പി.6.(ഡി)/752 /98തീയതി15.07.14 | 33,36,40,41 ഒഴിവാക്കി. മറ്റുള്ളവനില നിൽക്കുന്നു. |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.6.(ഡി)/752 /98തീയതി15.07.14 | 1,12,15,16,17,20,21, 24,28,29(2),29(4), 30(1),33 ഒഴിവാക്കി. മറ്റുള്ളവ നിലനിൽക്കുന്നു. |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.6.(ഡി)/752 /98തീയതി15.07.14 | 2(1),2(2),2(3),2(4),2(5), 2(6),2(8),2(10), 2(11),3(9),3(10),3(15) ഒഴിവാക്കി മറ്റുള്ളവ നില |

| | | |
|---|---|---|
| | | നിൽക്കുന്നു. |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി..6.(ഡി)/1006/05 തീയതി15.07.2014 | 2(1)എ,2(2),2(3),2(5),2(6),2(8),ഡി,ഇ,എഫ്,ജി ഒഴിവാക്കി മറ്റുള്ളവ നിലനിൽക്കുന്നു |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.6.(ഡി)/1262 /09,തീയതി 03.05.2010 | പരാമർശങ്ങൾ നിലനിൽക്കുന്നു |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി..6.(ഡി)/885 /10,തീയതി 03.05.2010 | പരാമർശങ്ങൾ നിലനിൽക്കുന്നു |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി..6.(ഡി)/14 /10,തീയതി 31.01.11 | പരാമർശങ്ങൾ നിലനിൽക്കുന്നു |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.6.(ഡി)/2144 /12തീയതി 06.01.13 | പരാമർശങ്ങൾ നിലനിൽക്കുന്നു |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി..6.(ഡി)/2145 /12,തീയതി 04.11.13 | പരാമർശങ്ങൾ നിലനിൽക്കുന്നു |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.6.(ഡി)/275 /13,തീയതി 06.02.14 | പരാമർശങ്ങൾ നിലനിൽക്കുന്നു |
| 2011-12 | എൽ.എഫ്.റ്റി.ഡി\ ജി.പി.8/ 1550/13തീയതി 12.11.13 | പരാമർശങ്ങൾ നിലനിൽക്കുന്നു |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.8/1927/2014 തീയതി 17.04.15 | പരാമർശങ്ങൾ നിലനിൽക്കുന്നു |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/ 1367/2015, തീയതി 17.10.15 | പരാമർശങ്ങൾ നിലനിൽക്കുന്നു |
| 2014-15 | കെ.എസ്എ.റ്റി.വി.എം.ജി.പി.8/ 1399/2016,തീയതി 03.08.16 | പരാമർശങ്ങൾ നിലനിൽക്കുന്നു |
| 2015-16 | കെ.എസ്എ.റ്റി.വി.എം.ജി.പി.8/2196/16 തീയതി, 28.12.16 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള 815771/-രൂപയുടെ വരവ് നഷ്ടം 15685/-രൂപയുടെ ചെലവ് നഷ്ടം 400000/-രൂപയുടെതടസ്സം എന്നിവയൊഴികെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

## ന്യൂനതകൾ

1. Income & Expenditure stmt പ്രകാരം പഞ്ചയത്ത് ഫണ്ട് (-) ബാലൻസിലാണ്.

2. തൊഴിൽനികുതി,കെട്ടിട നികുതി, ഡി.&ഒ, മാർക്കറ്റ് വരവ്,പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് എന്നീയിനങ്ങളിലെ രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക തൻവർഷവരവ് ബാലൻസ് തുകകൾ എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

3. ആസ്തി രജിസറ്റർ,സ്റ്റോക്ക് രജിസറ്റർ എന്നിവ മൂല്യധിഷ്ഠിതമായി പരപാലിച്ചിട്ടില്ല.

4. വിവിധ ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

5. തനത്ഫണ്ട്, റ്റി.എസ്.ബി.അക്കൗണ്ടുകളിലെ തൻവർഷ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

6. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിശദാംശം ഹാജരാക്കിയിട്ടില്ല.

7. വിവിധയിനങ്ങളിലെ ജനറൽ ലഡ്ജർ ട്രയൽബാലൻസ് പ്രകാരമുള്ള തുകയും A.F.S(I&E) schedule പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. MGNREGS I(6) Schedule ലെ തുകയും I-14(a) ഷെഡ്യൂളിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.